# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വളാഞ്ചേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.25/173/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വളാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
3. നഗരകാര്യ റിജിയനൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്
4. ഓഫീസ് പകർപ്പ്

നമ്പർ: KSA.MPM.25/173/23 തീയ്യതി: 25/03/2023

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-07-2022 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അഷ്റഫ് അമ്പലത്തിങ്ങൽ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. സീന എച്ച് | സെക്രട്ടറി | 01-04-2021 | 24-09-2021 |
| ശ്രീ. ബിജു ഫ്രാൻസിസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ശ്രുതി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശാന്തകുമാരി ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ ഗഫൂർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലക്ഷ്മി ഒ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 30-01-2022 |
| ശ്രീ. സോജൻ എം പി | മുനിസിപ്പൽ എഞ്ചിനീയർ | 31-01-2022 | 31-03-2022 |
| ശ്രീ. ബെന്നി മാത്യു | പ്രോജക്ട് ഓഫീസർ | 01-04-2021 | 24-06-2021 |
| ശ്രീ. മുഹമ്മദ് അഷ്റഫ് ടി പി | പ്രോജക്ട് ഓഫീസർ | 25-06-2021 | 31-03-2022 |
| ഡോ. സൽവ എം പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 09-01-2022 |
| ഡോ. അനുപമ കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10-01-2022 | 31-03-2022 |
| ശ്രീമതി. മീരാഭായ് പി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 26-10-2021 |
| ശ്രീ.കൃഷ്ണകുമാർ കെ | ഹെഡ്മാസ്റ്റർ | 27-10-2021 | 09-12-2021 |
| ശ്രീമതി. അജിത കെകെ | ഹെഡ്മിസ്ട്രസ്സ് | 10-12-2021 | 02-01-2022 |
| ശ്രീ. മുരളീധരൻ യു | ഹെഡ്മാസ്റ്റർ | 03-01-2022 | 31-03-2022 |
| ശ്രീ. ശിവപ്രസാദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്ക് പരിശോധന -അപാകതകൾ | 1-11 |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ-വാടക പിരിവിലെ അപാകത | 1-12 |
| 14 | വാടകയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു | 1-12-1 |
| 15 | വാടക രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 1-12-2 |
| 16 | ബൈലോ അംഗീകാരം വാങ്ങിയിട്ടില്ല | 1-12-3 |
| 17 | മുഴുവൻ കരാറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-12-4 |
| 18 | തൊഴിൽനികുതി- അപാകതകൾ | 1-13 |
| 19 | ലേല തുക മുഴുവൻ അടവാക്കിയിട്ടില്ല | 1-14 |
| 20 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി | 1-15 |
| 21 | വേളിക്കുളം നവീകരണം - ടെണ്ടർ ബിലോ കുറവ് ചെയ്തതിലെ അപാകതകൾ | 1-16 |
| 22 | ടെണ്ടർ ഫോം വില -നഗരസഭക്ക് ലഭ്യമായില്ല | 1-17 |
| 23 | നിലവിലുള്ള കരിങ്കൽ കെട്ട് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ - അധിക നിരക്ക് നൽകി | 1-18 |
| 24 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 1-19 |
| 25 | അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-21 |
| 27 | ഭൂരഹിത-ഭവനരഹിത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 28 | LDR സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-23 |
| 29 | ടെയ്ക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് ഉപയോഗപ്പെടുത്തുന്നില്ല | 1-24 |

| | | |
|---|---|---|
| 30 | അധിക നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ് | 1-25 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല. | 1-26 |
| 32 | റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-27 |
| 33 | സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വിതരണം-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-28 |
| 34 | കളക്ടേഴ്സ് @ സ്കൂൾ ബിൻ സ്ഥാപിക്കൽ അധിക തുക നൽകി | 1-29 |
| 35 | ഹരിത കർമ്മസേനയുടെ പ്രവർത്തനം | 1-30 |
| 36 | മാലിന്യമുക്ത വളാഞ്ചരി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 37 | റജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.-അപാകതകൾ | 1-32 |
| 38 | അഗതിരഹിതകേരളം പദ്ധതി | 1-33 |
| 39 | സുഭിക്ഷ കേരളം-നെൽകൃഷിക്ക് കൂലി ചെലവ് പദ്ധതി -അപാകതകൾ | 1-34 |
| 40 | പി.എം. എ.വൈ ലൈഫ് ഭവന പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-35 |
| 41 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) - മരുന്നുകൾ ലഭ്യമായില്ല | 1-36 |
| 42 | രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം -രണ്ട് തവണ വാഹന വാടക നൽകി. | 1-37 |
| 43 | പരിരക്ഷ ഹോം കെയർ വിസിറ്റ് രജിസ്റ്റർ -അപാകത | 1-38 |
| 44 | രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല- ചെലവ് തുക 27,03,497 രൂപ തടസ്സം ചെയ്യുന്നു. | 1-39 |
| 45 | കുടിവെള്ള വിതരണം - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-40 |
| 46 | ഇലക്ഷൻ ഡെപ്പോസിറ്റ് - ഒറിജിനൽ രശീതി ഹാജരാക്കേണ്ടതാണ് | 1-41 |
| 47 | വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 48 | വസ്തുനികുതി- 5792413/-രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു | 1-43 |
| 49 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അധിക തുക നൽകി | 1-44 |
| 50 | മുട്ടക്കോഴി വളർത്തൽ- അപാകത | 1-45 |
| 51 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി | 3-1 |
| 2 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി | 3-2 |
| 3 | നിലവിലുള്ള കരിങ്കൽ കെട്ട് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ - അധിക നിരക്ക് നൽകി | 3-3 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| നഗരസഭ കൗൺസിൽ തീരുമാനം 1, തീ.22.02.2021 | നഗരസഭ കൗൺസിൽ തീരുമാനം 1, തീ.25.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31-07-2022 | 31-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 82838490 |
| വരവ് | 168208103 |
| ആകെ | 251046593 |
| ചെലവ് | 139491362 |
| നീക്കിയിരിപ്പ് | 111555231 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 17894667 | 17894667 | 17894667 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15449000 | 15449000 | 15449000 | 0 |
| വികസന ഫണ്ട് (ടി.എസ് .പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11922000 | 11922000 | 10296479 | 1625521 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6497671 | 6497671 | 3739679 | 2757992 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 15934363 | 15934363 | 6753299 | 9181064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 9030098 | 9030098 | 7603977 | 1426121 |
| ബി ഫണ്ട് | 0 | 67270800 | 67270800 | 67270800 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക |
|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 17894667 | 22361000 |

| | | |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 6753299 | 4392586 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UNtied ) | 7603977 | 7453945 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 285 | 159804257 | 188 | 75920076 | 0 | 97 | 65.96 |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2351839 | 10215124 | 12566963 | 11658627 | 908336 |

കുറിപ്പ്- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇത് വാർഷിക കണക്കിന്റെ അപാകതയായി ഖ.1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി വേതനം | 1628800 | 101 |
| വിധവാ പെൻഷൻ | 20545600 | 1361 |
| വാർദ്ധക്യകാല പെൻഷൻ | 38063200 | 2722 |
| വികലാംഗ പെൻഷൻ | 6262000 | 415 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 681200 | 47 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 കാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023, 3.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 433557/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം തൃപ്തികരമല്ല. തെരുവ് വിളക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ, അൺ സർവീസബിൾ ഐറ്റം രജിസ്റ്റർ,ലോൺ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. മൂൻകൂർ രജിസ്റ്റർ അപൂർണ്ണമാണ്.

4. വാടക രജിസ്റ്റർ അപൂർണ്ണമാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകൾ കൈവശം കൊണ്ട ലൈസൻസികളുടെ പേര് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസികളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുള്ള റൂമുകളിൽ നിജപ്പെടുത്തിയ വാടക / ഈടാക്കിയ വാടക എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. (പ്രത്യേക ഖണ്ഡികകൾ കാണുക).

5. തെരുവ് വിളക്കുമായി ബന്ധപ്പെട്ട പദ്ധതിയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഫയൽ പരിപാലിച്ചിട്ടില്ല. ഹെഡ് മാസ്റ്റർ, പ്രോജക്റ്റ് ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികളിൽ ഫയലിൽ ക്രമപ്രകാരമല്ല. കാഷ് ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ ചെലവുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ വച്ചിട്ടില്ല. (പ്രത്യേക ഖണ്ഡികകൾ കാണുക).

6.2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം -17 (2) പ്രകാരം നഗരസഭാ ഫണ്ട് ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ ആണ് നിക്ഷേപിക്കേണ്ടത്. എന്നാൽ നഗരസഭ ചട്ടം ലംഘിച്ച് സഹകരണ ബാങ്കിലാണ്(വളാഞ്ചേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക്) നിക്ഷേപിച്ചിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ ഇല്ല | | |
| എ ജി ഓഡിറ്റ് | 07.04.2021 | 2017-18 മുതൽ 2020-21 വരെ | 23.07.2021 |

## 1-11 വാർഷികകണക്ക് പരിശോധന -അപാകതകൾ

1.തൊഴിൽ നികുതി (എംപ്ലോയീസ് & ട്രേഡേഴ്സ്), ഡി & ഒ ലൈസൻസ് ഫീ, വാടക, ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീസ്, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.Loan From HUDCO ഇനത്തിൽ ബാലൻസ് ഷീറ്റ് B-5 പ്രകാരം 35200000/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

3.ഷെഡ്യൂൾ B-7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 3597143/- രൂപ ബാധ്യതയുണ്ട്. എന്നാൽഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

4. B-8 പ്രകാരം Deposit Work -Others എന്ന ഹെഡിൽ 2,00,000 രൂപ Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

5.B-14 പ്രകാരം 483212 രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6.ബാലൻസ് ഷീറ്റ് B-15 പ്രകാരം State Govt.Cesses/Levies In Property Tax Minus Figure ആയിട്ടല്ല രേഖപ്പെടുത്തിയിരിക്കുന്നത്.

7.B-18 പ്രകാരം 6472431 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8.മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9.RP-29 (Other Liabilities) പ്രകാരം Advance Collection Of Revenues – Other User Charges 174860/- രൂപ Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

10.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള OB, ചെലവ് &Closing Balance വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | Opening Balance | ചെലവ് | Closing Balance |
|---|---|---|---|
| Cash Book(Financial Statement) | 2343689 | 11510372 | 904564 |

| | | | |
|---|---|---|---|
| AFS | 2351839 | 11715861 | 908336 |

11.ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | 11049222 | 18451823 | 6118489 | 16132401+*158611=16291012 | 4949268 | 2239656 |
| വാർഷിക കണക്ക് | 10181947 | 18451823 | 6209723 | 16421429+*158611=16580040 | 3659433 | 2132980 (LC ഉൾപ്പെടെ) |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | |

12.ഡെപ്പോസിറ്റ് വർക്കിനായി KWA ക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനായി(പ്രൊ നം.325/22) 1304702/- രൂപയും KSEB ക്ക് ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനായി (പ്രൊ നം.326/22) 191341/- രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്. ഈ തുകകൾ Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

13.സ്ഥാപനം നൽകിയതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ മുഴുവനായും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 45). 3 വർഷം കഴിഞ്ഞ ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

14.ഓഡിറ്റ് റിക്കവറി ഇനത്തിൽ (RP-29) 38765 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.15/11.01.2023പ്രകാരം അപാകതകൾ ശ്രദ്ധയിൽപെടുത്തി,ലഭ്യമാക്കിയ മറുപടി പരിഗണിച്ച് പരിഹരിക്കപ്പെടാത്ത അപാകതകളാണ് ഈ പരാമർശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്)

## 1-12 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ-വാടക പിരിവിലെ അപാകത

നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 98 റൂമുകളും കമ്മ്യൂണിറ്റി ഹാൾ ബിൽഡിംഗിലെ 12 റൂമുകളും കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗിനോട് ചേർന്ന് 6 റൂമുകളും കാവുംപുറം ബസ് വെയിറ്റിംഗ് ഷെഡിലെ 4 റൂമുകളും ലൈബ്രറി ബിൽഡിംഗിലെ 4 റൂമുകളും കൂടി ആകെ 124 റൂമുകളാണ് വാടകക്ക് നൽകി വരുന്നത്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ റൂമുകൾ കൈവശം വെച്ചിരിക്കുന്ന പല ലൈസൻസികളും വർഷങ്ങളായി വാടക അടവാക്കാതെയും ,യഥാസമയം വാടക ഒടുക്കാതെയും തുടരുന്നു. വാടക രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. റൂമുകൾ കൈവശം കൊണ്ട ലൈസൻസികളുടെ പേര് വിവരം രജിസ്റ്ററിൽ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല. റൂമുകളിൽ നിജപ്പെടുത്തിയ വാടക വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റൂമുകൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

### 1-12-1 വാടകയിനത്തിൽ വൻ തുക ഈടാക്കാനവശേഷിക്കുന്നു

1.വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന ലൈസൻസികളിൽ നിന്നും 2018-19 സാമ്പത്തിക വർഷം മുതലുള്ള വാടകയും സബ് ട്രഷറി ഓഫീസ് പ്രവൃത്തിക്കുന്ന റൂമിൽ നിന്നും 2004 മുതലുള്ള വാടകയും ഈടാക്കാൻ അവശേഷിക്കുന്നു. കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വാടകക്ക് നൽകിയിട്ടുള്ളതുമായ കടമുറികളുടെ വാടക ഒഴിവാക്കി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന 06.11.2021 ലെ തദ്ദേശ സ്വയം ഭരണ(ആർ സി) വകുപ്പിന്റെ സ.ഉ(കൈ) നം.261/2021 /ത.സ്വ.ഭ.വ പ്രകാരം ഭരണ സമിതിയുടെ 26.11.2022 ലെ മീറ്റിംഗിൽ (തീരുമാനം നമ്പർ 10(2))

2021 ജൂലായ് മുതൽ 2021ഡിസംബർ 31 വരെയുള്ള കാലയളവിൽ വാടക ഒഴിവാക്കി നൽകാൻ തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടകയിൽ ഇളവും നൽകിയിരുന്നു. ഈ മാസങ്ങളിലെ വാടക ഒഴിവാക്കിയാണ് കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്.വിശദ വിവരം താഴെ ചേർത്തിരിക്കുന്നു

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | കുടിശ്ശിക വാടക | | | | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| | | | 2018-19 | 2019-20 | 2020-21 | 2021-22 | |
| 1 | ശ്രീ. ഇബ്രാഹീം അവറാൻകുളത്തിൽ | G -17 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 12473*2= 24946 | 13097*8= 104776 | 129722 |
| 2 | ശ്രീ.മുഹമ്മദ് കെ പി വൈക്കത്തൂർ | G - 18 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 12574*9= 113166 | 13203*8= 105624 | 218790 |
| 3 | ശ്രീ.പാലാറ ഇബ്രാഹീം | G -34 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 6967*12= 83604 | 7315*10= 73150 | 7681*8= 61448 | 218202 |
| 4 | ശ്രീ.വി.പി.അയ്യപ്പൻ കണ്ടൻവാരിയത്ത് പടി | G -35 | 4021*8=32168 | 4222*12= 50664 | 4433*12= 53196 | 4655*8= 37240 | 173268 |
| 5 | ശ്രീ.ഷാഹുൽ ഹമീദ്, മണ്ണങ്ങര | F -01 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 6196*12= 74352 | 6506*12= 78072 | 6831*8 54648 | 207072 |
| 6 | ശ്രീ. അബൂബക്കർ വട്ടപറമ്പിൽ | F -04 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 7030*5= 35150 | 35150 |
| 7 | ശ്രീ.സൈതാലിക്കുട്ടി | F 16 | 1150*4= 4600 | 1208*12=14496 | 1268*12= 15216 | 1331*8 10648 | 44960 |
| 8 | ശ്രീ. അബ്ദുറഹ്മാൻ കെ ബി | F 31 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 1329*12= 15948 | 1395*12 = 16740 | 1465*8= 11720 | 44408 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ശ്രീ.അമീർ ഫൈസൽ, കക്കാട് | F- 37 | 2463*12= 29556 | 2586*12= 31032 | 2715*12= 32580 | 2851*8 22808 | 115976 |
| 10 | ശ്രീ. അബ്ദുറഹ്മാൻ ഹാജി,കാട്ടുബാവ | S-14 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 1618*12= 19416 | 1699*8= 13592 | 33008 |
| 11 | ശ്രീ. സക്കീർ ഹുസൈൻ | S-16 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 5607*8= 44856 | 44856 |
| 12 | ശ്രീ. മുഹമ്മദ് റിയാസ് | S-17 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 3593*8= 28744 | 28744 |
| 13 | ശ്രീ. സന്ദീപ് , മിഫാസ് | S-18 | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. | രജിസ്റ്റർ പ്രകാരം കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല | 2985*8= 23880 | 23880 |
| 14 | സബ് ട്രഷറി ഓഫീസ് | S-1 | 01.01.2004 മുതൽ 31.03.2022 വരെയുള്ള കുടിശ്ശിക (01.01.2004 മുതൽ 30.11.2022 വരെയുള്ള വാടക ഡിമാന്റ് ചെയ്തിട്ടുള്ളത് 03.12.2022 നാണ്) | | | | 3747948 |
| | ആകെ | | | | | | 50,65984/- |

2.ലൈബ്രറി കെട്ടിടത്തിലെ താഴെ സൂചിപ്പിക്കുന്ന ക്രമ നം.1 പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും കാവുംപുറം ബസ് വെയിറ്റിംഗ് ഷെഡ് കെട്ടിടത്തിലെ ക്രമ നം.2 പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | 2021-22 വർഷത്തെ കുടിശ്ശിക വാടക |
|---|---|---|---|
| 1 | ശ്രീ. ഷംസുദ്ദീൻ, പാറയ്ക്കൽ | SLB-FF2 | 4390*8 35120 |
| 2 | ശ്രീ. നസീറലി, പാറയ്ക്കൽ | KVPM-1 | 2239*8 17912 |
| | ആകെ | | 53032 |

3.വാടക വർദ്ധനവ് വരുത്തിയത് ഈടാക്കിയിട്ടില്ല

31.05.2021 ലെ 6-ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടകയിൽ 5 % വാർഷിക വർദ്ധനവ് വരുത്തിയിരുന്നു. എന്നാൽ വാർഷിക വാടക വർദ്ധനവ് വരുത്തിയത് 2021-22 ൽ വാടക അടവാക്കിയവരിൽ നിന്നും ഈടാക്കി കാണുന്നില്ല. വിശദ വിവരം താഴെ ചേർത്തിരിക്കുന്നു.

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | കുടിശ്ശിക വാടക |
|---|---|---|---|
| 1 | ശ്രീ മുഹമ്മദ് റിയാസ് | G-2 | 4528 |
| 2 | ശ്രീ അബ്ദുൾ ഖാദർ | G-6 | 3392 |
| 3 | ശ്രീ പാണ്ഡ്യരംഗ ജാദവ് | G-11 | 3392 |
| 4 | ശ്രീ.പാലാറ മുസ്തഫ | G-21 | 6136 |
| 5 | ശ്രീ.വി.പി.അയ്യപ്പൻ | G-24 | 1696 |
| 6 | ശ്രീ സെയ്തലവി | G-26 | 6136 |
| 7 | ശ്രീ Cപാലാറ മുസ്തഫ | G-28 | 2696 |
| 8 | ശ്രീ ശശി കുമാർ | F-3 | 2408 |
| 9 | സെക്രട്ടറി ,കോഴിക്കോട് സർവോദയ സംഘം | F-5 | 976 |
| 10 | ശ്രീ അബ്ദുൾ സലാം | F-6 | 1360 |
| 11 | സെക്രട്ടറി ,കോഴിക്കോട് സർവോദയ സംഘം | F-9 | 984 |
| 12 | ശ്രീമതി സന്ധ്യ | F-11 | 976 |

| | | | |
|---|---|---|---|
| 13 | സെക്രട്ടറി ,കോഴിക്കോട് സർവോദയ സംഘം | F-13 | 984 |
| 14 | ശ്രീ ബേബി | F-19 | 892 |
| 15 | ശ്രീ ഗോപാലൻ | S-4 | 376 |
| 16 | ശ്രീ ഗോപാലൻ | S-5 | 328 |
| 17 | ശ്രീ ഗോപാലൻ | S-6 | 312 |
| | ആകെ കുടിശ്ശിക | | 37572 |

ക്രമ നമ്പർ 1,2,3 പ്രകാരം മേൽ ചേർത്തിരിക്കുന്നവരിൽ നിന്നും വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/09.01.2023) കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ വാടക രജിസ്റ്ററിൽ കുടിശ്ശിക വിവരം ഉൾപ്പെടുത്തി രജിസ്റ്ററിലെ അപാകത പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12-2 വാടക രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ചുവടെ ചേർത്തിരിക്കുന്ന റൂമുകൾ കൈവശം വെച്ചിരിക്കുന്ന ലൈസൻസികളുടെ പേരും അടവാക്കേണ്ട പ്രതിമാസ വാടകയുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | F-12 | പ്രതിമാസ വാടക വിവരം ചേർത്തിട്ടില്ല |
| 2 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | F-18 | |
| 3 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | F -22 | |
| 4 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | S-2 | |
| 5 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | S-7 | |
| 6 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | S-9 | |
| 7 | പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല | S-11 | |

2.ചുവടെ ചേർത്തിരിക്കുന്ന റൂമുകൾ കൈവശം വച്ചിരിക്കുന്ന ലൈസൻസികൾ അടവാക്കേണ്ട പ്രതിമാസ വാടകയുടെ വിവരങ്ങളും അടവാക്കിയ വാടകയുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്ര. നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ. അബ്ദുൾ റഷീദ്, പൊട്ടച്ചോല | F-8 | പ്രതിമാസ വാടകയുടെ വിവരങ്ങളും അടവാക്കിയ വാടകയുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 2 | ശ്രീ.സി കെ അസീസ് | F-15 | |
| 3 | ശ്രീ.സെയ്താലി | F -20 | |
| 4 | ശ്രീ.സി കെ അസീസ് | F -23 | |
| 5 | ശ്രീ. സന്തോഷ് ബാബു പി | F -24 | |

| | | |
|---|---|---|
| | എസ് | |
| 6 | ശ്രീ.അബ്ദുൾ മജീദ് കെ പി | F- 28 |
| 7 | ശ്രീ. ബാബുരാജ് കെ വി | F- 32 |
| 8 | ശ്രീ. ചന്ദ്രൻ പട്ടേരി പറമ്പിൽ | F- 35 |
| 9 | ശ്രീ. കെ ബി അബ്ദുറഹിമാൻ ഹാജി | F- 38 |

മേൽ ലൈസൻസികൾ നിലവിലും റൂമുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ (വാടക രജിസ്റ്ററിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന റൂമുകളിൽമേൽ ഒഴിവ് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.) പ്രതിമാസ വാടകയും വാടക അടവാക്കിയതിന്റെ വിവരങ്ങളും ഇവ ഒഴിഞ്ഞു കിടക്കുന്നവയാണെങ്കിൽ പ്രസ്തുത റൂമുകളിന്മേൽ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും കൂടാതെ റൂമുകൾ സംബന്ധിച്ച് കൈവശം വച്ചിരിക്കുന്ന ലൈസൻസികളുടെ പേരും അടവാക്കേണ്ട പ്രതിമാസ വാടകയുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/09.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ റൂമുകൾ ഉപയോഗിക്കുന്ന ലൈസൻസികളുടെ പേര് വിവരങ്ങളും പ്രതിമാസ വാടകയുടെ വിവരങ്ങളും ചേർക്കേണ്ടതും ഒഴിഞ്ഞു കിടക്കുന്ന റൂമുകളിൽ ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12-3 ബൈലോ അംഗീകാരം വാങ്ങിയിട്ടില്ല

സർക്കാർ അംഗീകൃത ബൈലോ പ്രകാരമായിരിക്കണം വാടക സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത്. നഗരസഭയുടെ കീഴിലുള്ള റൂമുകൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ അംഗീകൃത ബൈലോ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/09.01.2023) വളാഞ്ചേരി ഗ്രാമ പഞ്ചായത്തായിരുന്ന കാലത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് 2004 ജൂൺ 26ന് അംഗീകാരം ലഭിച്ച ബൈലോയാണ് പരിശോധനയ്ക്ക് ലഭിച്ചത്.മുനിസിപ്പാലിറ്റി ആയതിനു ശേഷം പരിഷ്കരിച്ച കരട് ബൈലോ 10.01.2022 ലെ 4-ാം നമ്പർ കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ചു വരികയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബൈലോ സർക്കാരിൽ നിന്നും അംഗീകാരം വാങ്ങി വിവരമറിയിക്കേണ്ടതാണ്.

## 1-12-4 മുഴുവൻ കരാറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണെന്ന നിർദ്ദേശമുണ്ട്. 2021-22 ലെ സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/09.01.2023) 68 ലൈസൻസികളുടെ കരാറുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ലഭ്യമാക്കിയ കരാറുകളിൽ ഭൂരിഭാഗവും ഒപ്പ് മാത്രമുള്ള പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർക്കാതെ അപൂർണ്ണമായതുമാണ്. ഇതുമൂലം കടമുറികൾ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർ തന്നെയാണോ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. വാടക കരാർ ചമയ്ക്കാത്ത വാടകക്കാരുമായി മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതും കരാറിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-13 തൊഴിൽനികുതി- അപാകതകൾ

2021-22 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, നഗരസഭയിലെ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ തുക ഭാഗികമായി രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ വരുമാന ചോർച്ചയുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ 2616553/-രൂപയും ട്രേഡേഴ്സിന്റെ തൊഴിൽനികുതിയിനത്തിൽ 1356584/-രൂപയും വരവുണ്ട്.

രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കളക്ഷൻ വിവരങ്ങളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

2. ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേണുകളിൽ ആദ്യത്തെ അർദ്ധ വർഷത്തെ റിട്ടേണുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. അതിൽ തന്നെ 71 സ്ഥാപനങ്ങളുടെ റിട്ടേണുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്(രജിസ്റ്ററിൽ 181 സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചേർത്തിട്ടുണ്ട്) .രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽനികുതിയിനത്തിൽ 595428/- രൂപ അരിയർ കുടിശ്ശികയും, തൻവർഷ തൊഴിൽനികുതി 68433/- രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും കുടിശ്ശിക പിരിച്ചെടുക്കാത്തതിനും രജിസ്റ്ററുകളും രേഖകളും യഥാവിധി സൂക്ഷിക്കാത്തതിനും കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/12.01.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിലും ഇതേ അപാകതകൾ തന്നെ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും അവ പരിഹരിക്കാൻ ഇതു വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരം എഴുതി തയ്യാറാക്കേണ്ടതും റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 ലേല തുക മുഴുവൻ അടവാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലായി ഫീസ് പിരിക്കുന്നതിന് 02-03-21 ന് ലേലം കൊണ്ട താഴെ കൊടുത്തിരിയ്ക്കുന്ന ഇനങ്ങളിൽ മുഴുവൻ ലേല തുകയും നാളിതുവരെ നഗരസഭയിൽ അടവാക്കിയിട്ടില്ല. അടവാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലേലം കൊണ്ടയാളുടെ പേരും , ഇനവും | ലേല തുക | അടവാക്കാൻ അവശേഷിയ്ക്കുന്ന തുക |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ<br>( ശ്രീ അബ്ദുൾ നാസർ) | 325000 | 170000 |
| 2 | ബസ് സ്റ്റാന്റ് ക്ലോക്ക് റൂം<br>(ശ്രീ. എം എ ബക്കർ) | 135000 | 45000 |
| 3 | ബസ് സ്റ്റാന്റ് ഫീസ് പിരിവ്<br>(ശ്രീ. കെ ടി കുഞ്ഞുമൊയ്തീൻ) | 264000 | 156440 |

ലേല നിബന്ധനകൾ ക്രമ നമ്പർ 5 പ്രകാരം ലേല ഗഡുക്കൾ ഏപ്രിൽ മാസം മുതൽ ഡിസംബർ വരെ അതത് മാസങ്ങളിൽ തന്നെ അവസാന പ്രവൃത്തി ദിവസത്തിന് മുമ്പായി അടവാക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ കേരള മുനിസിപ്പാലിറ്റി നിയമം 538(2) വകുപ്പ് പ്രകാരമുള്ള പിഴ കൂടി അടവാക്കണമെന്നും ലേല ഗഡു അടവാക്കുന്നതിൽ മുടക്കം വരുത്തുന്ന പക്ഷം ലേലം റദ്ദ് ചെയ്ത് പുനർ ലേലം നടത്തുമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ലേലതുക ഒടുക്കാത്ത ഇനത്തിൽ നഗരസഭ ലേല നോട്ടീസിൽ/എഗ്രിമെന്റിൽ പരാമർശിച്ച പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല.
മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 4/ 07.01.2023) വീഴ്ച വരുത്തിയവർ കോവിഡ് കാലഘട്ടം പരിഗണിച്ച് കിഴിവനുവദിക്കണമെന്ന് കത്ത് നൽകിയിരുന്നുവെന്നും ബഹു. കൗൺസിലിന്റെ 29-10-21 ലെ 14-ാം നമ്പർ തീരുമാനപ്രകാരം 4 മാസത്തെ കിഴിവനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കി വിവരം അറിയിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഖണ്ഡികയിൽ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികളിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്യിട്ടില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഇക്കാര്യം സ്ഥല പരിശോധന റിപ്പോർട്ടിൽ ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST അടക്കം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഓർങ്ങാത്ത്കുണ്ട് കുഞ്ഞാണിപടി റോഡ് കോൺക്രീറ്റ് (173/22)<br>ചെക്ക് 25144/22.3.2022<br>തുക 238175 (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)<br>കരാർ 61/29.11.2021<br>അളവ് പുസ്തകം 47/21-22<br>കോൺട്രാക്ടർ ശ്രീ.ആബിദലി<br>കോസ്റ്റ് ഇൻഡക്സ് 31.06% | $23.36m^3$ | 177137<br>@7582.91/$m^3$ | 170324<br>@7291.26/$m^3$ | 7631<br>(6813+818) |
| 2 | കമ്മുട്ടിക്കുളം കോട്ടാണിപ്പുറം കുഞ്ഞാപ്പഹാജി റോഡ് പുനരുദ്ധാരണം (208/22)<br>/22.1.2022 തുക 299201<br>കരാർ 43/12.11.2021<br>അളവ് പുസ്തകം 23/21-22<br>കോൺട്രാക്ടർ ശ്രീ.ഷഹരിയാദ്<br>കോസ്റ്റ് ഇൻഡക്സ് 31.06% | $19.67m^3$ | 149156<br>@7582.91/$m^3$ | 143419<br>@7291.26/$m^3$ | 6425<br>(5737+688) |
| ആകെ | | | | | 14056 |

ഓഡിറ്റ് എൻക്വയറി 20/2021-22/12.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 വേളിക്കുളം നവീകരണം - ടെണ്ടർ ബിലോ കുറവ് ചെയ്തതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വേളിക്കുളം നവീകരണം എന്ന പ്രവൃത്തി 17.2% കുറവ് നിരക്കിലാണ് കരാറുകാരൻ ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 2 പ്രകാരമുള്ള പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയപ്പോൾ അപാകത സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | എസ്റ്റിമേറ്റ് നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| വേളിക്കുളം നവീകരണം (174/22)<br>സാങ്കേതികാനുമതി 66445/22.12.2021 | എക്സ്ട്രാ ഇനം 2<br>284.38 കി.ഗ്രാം | 681.59/ | 164062<br>@576.91/ | 160493<br>@564.36/ | 3997<br>(3569+428) |

| | | | | | | |
|---|---|---|---|---|---|---|
| ബിൽ 21150847003101515123/30.3.2022<br>തുക 1027514 കരാർ 98/19.1.2022<br>കോൺട്രാക്ടർ ശ്രീ കെ.മഷ്ഹൂദ്<br>എസ്റ്റിമേറ്റ് തുക 1315721.53<br>കരാർ തുക 1089409.32 (17.2% കുറവ്)<br>അളവ് പുസ്തകം 74/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | TMT സ്റ്റീൽ | | | | | |

ഓഡിറ്റ് എൻക്വയറി 8/2021-22/9.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-17 ടെണ്ടർ ഫോം വില -നഗരസഭക്ക് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നഗരസഭയിൽ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ക്രഡിറ്റ് ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഈ വർഷം നഗരസഭയിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം , ടെണ്ടർ ഫോം ഇനത്തിൽ വരവ് വരേണ്ട തുക, എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എസ്റ്റിമേറ്റ് തുക | ടെണ്ടർ ഫി | ടെണ്ടറിൽ പങ്കെടുത്തവർ | ആകെ |
|---|---|---|---|---|---|
| 1 | നഗരസഭയിലെ തകർന്ന വി.സി.ബി കളുടെ പുനരുദ്ധാരണം (109/22) | 765000 | 1530 | 2 | 2560 |
| 2 | വേളിക്കുളം നവീകരണം (174/22) | 1500000 | 2500 | 4 | 10000 |
| 3 | പറളിപാടം നരിപ്പറ്റ തോട് സൈഡ് കെട്ടി നവീകരണം (176/22) | 4000000 | 2500 | 4 | 10000 |
| 4 | മുക്കിലപീടിക സ്മാർട്ട് അംഗൻവാടി നവീകരണം (180/22) | 3231328 | 2500 | 6 | 15000 |
| 5 | കാട്ടിപ്പുരുത്തി കാറ്റട്ടിക്കുളം നവീകരണം (പൂർത്തീകരണം) (175/22) | 1132000 | 2500 | 3 | 7500 |
| 6 | കരിങ്കല്ലത്താണി മൂച്ചിക്കൽ ബൈപാസ് റോഡ് നവീകരണം (337/22) | 2104000 | 2500 | 2 | 5000 |
| 7 | മൃഗാശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നവീകരണവും (336/22) | 800000 | 1600 | 4 | 6400 |
| 8 | നഗരസഭ ഷോപിങ് കോംപ്ലക്സ് പൊതു ടോയ്ലറ്റുകളുടെ നവീകരണം (319/22) | 1212000 | 2500 | 2 | 2500 |

| | | | | | |
|---|---|---|---|---|---|
| 9 | എം.സി.എഫ് സ്ഥാപിക്കൽ (290/22) | 2052000 | 2500 | 3 | 7500 |
| 10 | വളാഞ്ചേരി സ്ക്വയർ വയോ ക്ലബ് വിശ്രമ കേന്ദ്രം (20/22) | 500000 | 1000 | 2 | 2000 |
| 11 | പോപ്പുലർ തീയേറ്റർ പി.എച്.സി റോഡ് റീ ടാറിങ് (201/22) | 639000 | 1278 | 1 | 1278 |
| 12 | നഗരസഭ ഷോപിങ് കോംപ്ലക്സ് നവീകരണം(49/22) | 500000 | 1000 | 1 | 1000 |
| ആകെ | | | | | 70738 |

ഓഡിറ്റ് എൻക്വയറി - 17 /21-22/12.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ തനത് വരുമാനമായ ഇ ടെണ്ടർ ഫീ 70,738/- രൂപ നഗരസഭയുടെ അക്കൗണ്ടിൽ ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമക്കേണ്ടതാണ്.

## 1-18 നിലവിലുള്ള കരിങ്കൽ കെട്ട് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചോലക്കൽ റോഡ് പുനരുദ്ധാരണം (253/22) എന്ന പ്രവൃത്തിയുടെ ഭാഗമായി നിലവിലുള്ള കരിങ്കൽ കെട്ട് (സംരക്ഷണ ഭിത്തി) പൊളിച്ച് നീക്കി പുതിയവ നിർമ്മിച്ചിട്ടുണ്ട്. ഈ ഇനത്തിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. കരിങ്കൽ കെട്ട് പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് - കോഡ് 2.7.D- നിലവിലുള്ളതുമാണ്. ഈ പ്രവൃത്തികളുടെ മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക MORD (2.7.D) | അധികം 12% GST അടക്കം |
|---|---|---|---|---|
| ചോലക്കൽ റോഡ് പുനരുദ്ധാരണം (253/22)<br>സാങ്കേതികാനുമതി 66445/22.12.2021<br>ബിൽ 2115084700310152 6088/30.3.2022<br>തുക 299732 കരാർ 93/18.1.2022<br>കോൺട്രാക്ടർ ശ്രീ ഷഹരിയാദ്.ടി<br>അളവ് പുസ്തകം 98/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 28.20$m^3$ | 18185<br>@644.85/$m^3$ | 11578<br>@410.56/$m^3$ | 7400<br>(6607+793) |

ഓഡിറ്റ് എൻക്വയറി 7/2021-22/9.1.2023നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-19 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ അതേ അളവിലാണ് (നീളം, വീതി) ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കാവുംപുറം ബ്ലോക്ക് ഓഫീസ് റോഡ് നവീകരണം (185/22)<br>ബിൽ 21150847003101291563/15.3.2022 തുക 478474<br>സാങ്കേതികാനുമതി 50275/26.10.2021<br>കരാർ 80/6.12.2021<br>കോൺട്രാക്ടർ. ശ്രീ.ടി.എം.മൊയ്തീൻകുട്ടി<br>അളവ് പുസ്തകം 70/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | $11.95m^3$ | 83346<br>@6974.53 /$m^3$ | 80140<br>@6706.28/$m^3$ | 3591<br>(3206+385) |
| ആലിൻ ചുവട് അതിർത്തി റോഡ് ഡ്രൈനേജ് കൺസ്ട്രക്ഷൻ (209/22)<br>ബിൽ CO22249045316/25.2.2022<br>തുക 765079 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>സാങ്കേതികാനുമതി 56891/8.11.2021<br>തുക 881405.40<br>കരാർ 61/30.11.2021<br>തുക 748311.45(15.10% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.അബ്ദുൽ മജീദ്<br>അളവ് പുസ്തകം 43/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | $18.015m^3$ | 119936<br>@6657.57 /$m^3$ | 115323<br>@6401.52/$m^3$ | 5167<br>(4613+554) |
| ആകെ | | | | 8758 |

ഓഡിറ്റ് എൻക്വയറി 6 /21-22/9.1.2023, 9/21-22/10.1.2023 എന്നിവ നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-20 അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം [57/22,264/22] എന്ന പദ്ധതി പ്രകാരം നഗരസഭയിലെ 33 അംഗനവാടികൾ മുഖേന പോഷകാഹാരം വിതരണം ചെയ്യുന്നതിനായി 52,85,183 രൂപ ( 3393479 വികസന ഫണ്ട്+1399659 കേന്ദ്രാവിഷ്കൃത ഫണ്ട് +492045 SCP) ചെലവഴിച്ചിട്ടുണ്ട് പ്രസ്തുത പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗുണനിലവാരമില്ലാത്ത ന്യൂട്രിമിക്സ് വിതരണം ചെയ്തു

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ നഗരസഭയിലെ അംഗനവാടികളിൽ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പുലരി ന്യൂട്രിമിക്സ്

കുറ്റിപ്പുറം എന്ന സ്ഥാപനത്തിന്റെ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും 18.3.2021ലെ ആരോഗ്യസാമൂഹ്യക്ഷേമ വകുപ്പ് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 1256/2020-21 നമ്പർ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം ഗുണനിലാരമില്ലെന്നും 2006 ലെ ഫുഡ് സേഫ്റ്റി &സ്റ്റാന്റേർഡ് ആക്ട് സെക്ഷൻ 3(1)2(x) പ്രകാരം BIS സർട്ടിഫൈഡ് അല്ലാത്തതിനാൽ നിരോധിക്കപ്പെടേണ്ട സ്ഥാപനമാണ് എന്നും നിർദേശിച്ചിട്ടുണ്ട്.എന്നാൽ നഗരസഭ ഈ ടെസ്റ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷവും പുലരി ന്യട്രിമിക്സ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ന്യട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| സ്ഥാപനം | ചെലവഴിച്ച തുക | ബിൽനമ്പർ |
|---|---|---|
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 461471 | 1/14.7.21 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 316678 | 2/16.9.21 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 152243 | 5/21.10.21 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 300022 | 10/14.12.21 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 147679 | 12/7.1.22 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 147679 | 20/9.2.22 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 147679 | 23/7.3.22 |
| പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 121697 | 25/26.3.22 |

ഈ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/10.1.23 ന് മറുപടി നൽകിയിട്ടില്ല. ടെസ്റ്റ് റിപ്പോർട്ട് പ്രകാരം ഗുണനിലാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തത് ക്രമ പ്രകാരമല്ല. ടെസ്റ്റ് റിപ്പോർട്ട് കിട്ടിയിട്ടും മേൽ സ്ഥാപനത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിനുള്ള കാരണം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

2)TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം പോഷകാഹാര വിതരണം ചെയ്ത പുലരി ന്യൂട്രിമിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ബിൽ നമ്പർ/ചെക്ക് നമ്പർ | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ജി.എസ്.ടി ടി.ഡി.എസിന് ബാധകമായ തുക |
|---|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം [57/22] | 1/14.7.21 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 1/1.6.21 | 143850 |
| | | | | 2/6.4.21 | 143850 |
| | | | | 4/1.6.21 | 143850 |
| | | | | 6/1.7.21 | 148680 |
| 2 | അനുപൂരക പോഷകാഹാര വിതരണം [57/22] | 4/16.9.21 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 8/1.8.21 | 148680 |
| | | | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 10/1.9.21 | 150780 |
| 3 | അനുപൂരക പോഷകാഹാര വിതരണം [57/22] | 5/21.10.21 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 13/1.10.21 | 144060 |
| 4 | അനുപൂരക പോഷകാഹാര വിതരണം [57/22] | 10/14.12.21 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 19/8.11.21 | 144060 |
| | | | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 20/1.12.21 | 139650 |

| | | | | | |
|---|---|---|---|---|---|
| 5 | അനുപൂരക പോഷകാഹാര വിതരണം [57/22] | 12/7.1.22 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 27/1.1.22 | 139650 |
| 6 | അനുപൂരക പോഷകാഹാര വിതരണം [57/22] | 20/9.2.22 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 30/1.2.22 | 139650 |
| 7 | അനുപൂരക പോഷകാഹാര വിതരണം [57/22] | 23/7.3.22 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 32/1.3.22 | 139650 |
| 8 | അനുപൂരക പോഷകാഹാര വിതരണം [57/22] | 25/26.3.22 | പുലരി ന്യൂട്രിമിക്സ് കുറ്റിപ്പുറം | 33/30.3.22 | 115080 |
| | | | | ആകെ | 18,41,490 |

ഈ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/10.1.23ന് മറുപടി നൽകിയിട്ടില്ല. TDS 36,830 (1841490x2%=36829.8 )
ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല

നഗരസഭയിൽ ന്യൂട്രിമിക്സ് വിതരണം ചെയ്യു പുലരി ന്യട്രിമിക്സ്, ബിസ്മി ,സജ്ഞീവനി എന്നീ സ്ഥാപനങ്ങളെ നഗരസഭയിലെ വിതരണത്തിനുള്ള ഏജൻസിയായി നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് നഗരസഭ /നിർവ്വഹണോദ്യോസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

4). കടത്ത് കൂലി ആദായ നികുതി ഈടാക്കിയില്ല.

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം 1 ലക്ഷത്തിനു മുകളിൽ കടത്തു കൂലി നൽകുമ്പോൾ 1% ആദായ നികുതി ഈടാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്,എന്നാ ശ്രീ.മമ്മി എന്ന കരാറുകാരന് താഴെ പറയും പ്രകാരം അംഗനവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുണ്ടെങ്കിലും ആദായ നികുതി ഈടാക്കിയില്ല

| നൽകിയ തുക | ബിൽനമ്പർ |
|---|---|
| 23203 | 2/5-8-21 |
| 15788 | 5/21-10-21 |
| 25997 | 11/15-12.21 |
| 12342 | 12/7-1-22 |
| 21870 | 22/2-3-22 |
| 6250 | 26/31-3-22 |
| Total – 105450 | |

ഈടാക്കേണ്ട ആദായനികുതി – 1055 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

5) ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

ഐ.സിഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഭക്ഷ്യ ധാന്യത്തിന് ശ്രീ.മമ്മി എന്ന കരാറുകാരന് താഴെ പറയും പ്രകാരം അംഗനവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഭക്ഷ്യധാന്യങ്ങൾ ഐ.സിഡി.എസ് സ്റ്റോക്കിലെടുത്തിട്ടില്ല. അംഗനവാടി സ്റ്റോക്ക് രജിസ്റ്ററും ഐ.സിഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.സ്റ്റേക്ക് വിവരങ്ങൾ കൃത്യസമയത്ത് രേഖപ്പെടുത്താത് മൂലമാണ് ഈ അപാകത സംഭവിച്ചത്.

| ഭക്ഷ്യധാന്യം | അളവ് | നൽകിയ തുക | ബിൽനമ്പർ |
|---|---|---|---|
| WBNP അരി | 3000 KG | 7500 | 11/15.12.21 |
| WBNP അരി | 1000 KG | 2500 | 22/2.3.22 |

ഈ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/10.1.23 ന് മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-21 വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിക്കായി ARTCO തൃശ്ശൂരിൽ നിന്നും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽനമ്പർ | ഇൻവോയ്സ് നമ്പർ | ഇനം | വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം |
|---|---|---|---|---|---|
| വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ) നമ്പർ.265/22 | 645875 (വികസനഫണ്ട് ജനറൽ) | 13/7.1.22 | 227/27.12.21 | Hardwood Cot 198 X 90x60x50 | 152 |
| വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) നമ്പർ.266/22 | 263438 (വികസനഫണ്ട് എസ്.സി.പി) | 17/2.3.22 | 564/23.2.22 | Hardwood Cot 198 X 90x60x50 | 62 |
| ആകെ | 9,09,313 | | | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1.പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കാതെയാണ് ARTCO തെരെഞ്ഞെടുത്തിട്ടുള്ളത്,എന്നാൽ ജി,ഒ (ആർ.ടി) നമ്പർ 1/2021 /SPD/തിയതി5.1.2021 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൽ ടെണ്ടർ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO മാനേജരിൽ നിന്നും പ്രസ്തുത ഇനങ്ങൾ ARTCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട് എന്നാൽ ഈ നിർദേശം പാലിച്ചിട്ടില്ല.

2. ജി.ഒ (ആർ.ടി) നമ്പർ 1/2021/SPD/തിയതി5.1.2021 ഉത്തരവ് ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ ARTCO യിൽനിന്നും വാങ്ങുമ്പോൾ ARTCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ നഗരസഭയിൽ വിതരണം ചെയ്തിട്ടുള്ള Hardwood Cot 198x90x60x50 കട്ടിൽ ARTCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.

3. പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | അപാകതകൾ |
|---|---|---|
| 1 | ശ്രീ. ഗോപാലകൃഷ്ണൻ നായർ (ജനറൽ) വാർഡ് 13 | സ,ഉ.(കൈ) നം 22/18ത.സ്വ.ഭ.വ. തിയതി.14.2.2018 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്.എന്നാൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2 | ശ്രീമതി.കദിയക്കുട്ടി വെട്ടിക്കാട്ടിൽ (ജനറൽ) വാർഡ് 12 | സ,ഉ.(കൈ) നം 22/18ത.സ്വ.ഭ.വ. തിയതി.14.2.2018 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്.എന്നാൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | ശ്രീ.സുകുമാരൻ ആലുങ്ങൂട്ടത്തിൽ (ജനറൽ) വാർഡ് 28 | സ,ഉ.(കൈ) നം 22/18ത.സ്വ.ഭ.വ. തിയതി.14.2.2018 പ്രകാരം 60 വയസ്സിന് മുകളിൽ ഉള്ളവർക്കാണ് കട്ടിൽ വിതരണം ചെയ്യേണ്ടത് എന്നാൽ ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ 55780155186 പ്രകാരം 58 വയസ്സാണ് അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് (No.2054193454)ടിയാന്റെ പേരില്ല. |
| 4 | ശ്രീ.മൊയ്തുട്ടി നെല്ലിശ്ശേരി (ജനറൽ) വാർഡ് 27 | ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ 619622281861 പ്രകാരം പേര് മൊയ്തുട്ടി തൊണ്ടിയിൽ എന്നാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് (No.2054069024) ടിയാന്റെ പേരില്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/10.1.23 മറുപടി നൽകിയിട്ടില്ല. സർക്കാർ

ഉത്തരവ് പാലിച്ച് കൊണ്ട് മാത്രം പദ്ധതി നടത്താൻ ശ്രദ്ധിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-22 ഭൂരഹിത-ഭവനരഹിത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

ജി.ഒ.എം.എസ് 92/2019/ത.സ്വ.ഭ.വ തിയതി 16.07.2019 പ്രകാരം സ്വന്തമായി/കുടുംബങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ , പരമ്പരാഗതമായി ഭൂമി കൈമാറികിട്ടാൻ സാധ്യതയില്ലാത്തവർ എന്നിവർക്ക് ഭൂമി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭൂരഹിത-ഭവനരഹിത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ (312/22)എന്ന പദ്ധതിക്കായി 39,69,612 (വികസന ഫണ്ട്- എസ്.സി.പി) രൂപ ചെലവഴിച്ച് ഭൂരഹിത-ഭവനരഹിത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് . പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഗുണഭോക്താവ് | സ്ഥലം നൽകിയ വ്യക്തി | നൽകിയ തുക | ബിൽനമ്പർ | അപാകതകൾ |
|---|---|---|---|---|
| ശ്രീ.ദിനേഷ്.പി, വാർഡ്-31 | ശ്രീമതി. ബിന്ദു മേലേപറമ്പിൽ A/cNo.458704890301 | 300000 | 21150847003 301240350 /3.3.22 | ആധാരം നമ്പർ. 797/1/22/22.2.22 പ്രകാരം പ്രസ്തുത 5 സെന്റ് സ്ഥലം കാട്ടിപരുത്തി വില്ലേജ് റീസർവ്വേ നമ്പർ 179 നഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, ആയതിനാൽ പ്രസ്തുത സ്ഥലം കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/11.01.23 ന് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥലം നഞ്ചയാണെന്നും തരം മാറ്റുന്നതിന് അപേക്ഷിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.സർക്കുലർ നമ്പർ REV.Pl/248/2019-REV തീയ്യതി.17.2.2020 പ്രകാരം 2008 ലെ കേരള തണ്ണീർ തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നഞ്ച (നെൽ വയൽ) വാങ്ങുന്നവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലറിന്റെ വെളിച്ചത്തിൽ, പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടവയാണെങ്കിൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത ഭൂമികളിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭ്യമാകില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മേൽ ഭൂമികൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതോണോയെന്ന് വ്യക്തമാക്കേണ്ടതും, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതല്ലെങ്കിൽ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതുമാണ്. വിഷയം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 LDR സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

| പ്രൊജക്ട് | ബിൽ/ചെക്ക് നമ്പർ തുക |
|---|---|
| LDR സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 145/22 | ബിൽ 21150847003100806687/18.12.21 തുക 627902 |

| | |
|---|---|
| കരാർ 90/30.1.2020 കരാറുകാരൻ ശ്രീ. റിജേഷ് പി.ആർ<br>അളവ് പുസ്തകം 4/21-22 കോസ്റ്റ് ഇൻഡക്സ് 37.25% | ബിൽ 21150847003100586817/27.10.21<br>തുക 272098<br>ചെക്ക് 1973646/18.1.22 തുക 20717<br>ആകെ 920717 |

LDR സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം 360 തെരുവ് വിളക്കുകൾ (25/30W LED Street Light) സ്ഥാപിച്ചതിന് കരാറുകാരന് മേൽ കാണിച്ച പ്രകാരം 920717 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പൊതുമരാമത്ത് പ്രവൃത്തി എന്ന രീതിയിൽ ആണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ വിളക്കുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നത്, നിലവിലുള്ളവ മാറ്റി സ്ഥാപിക്കുകയാണോ, പുതിയ തെരുവ് വിളക്ക് സ്ഥാപിക്കുകയാണോ തുടങ്ങിയ വിവരങ്ങളൊന്നും എസ്റ്റിമേറ്റിലോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ രേഖപ്പെടുത്തിയിട്ടില്ല.

2. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചത് എന്നതിന്റെ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല.

4. തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

5. പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട്, തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് മെമ്പർമാർ നൽകിയ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

6. KSEB യിൽ സൂപ്പർവിഷൻ ചാർജ്ജ് അടച്ചിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് KSEB യുടെ അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/2021-22/11.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് 920717 തുക തടസ്സം ചെയ്യുന്നു.

## 1-24 ടെയ്ക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് ഉപയോഗപ്പെടുത്തുന്നില്ല

സർക്കുലർ നമ്പർ DB5/7507/11/CE/LSGD തി. 24.9.20 പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് എല്ലാ ത.സ്വ.ഭ.സ്ഥാപനങ്ങൾക്കും നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വളാഞ്ചേരി നഗരസഭ 638880 രൂപ ചെലവഴിച്ച് 5 ശുചിമുറികൾ നിർമ്മിച്ചിട്ടുണ്ട്. നഗരസഭയിലെ മിനി വ്യവസായ എസ്റ്റേറ്റിൽ ആണ് ടേക്ക് എ ബ്രേക്ക് പദ്ധതിപ്രകാരമുള്ള ശുചി മുറികൾ നിർമ്മിച്ചിട്ടുള്ളത്. 10.8.2021 ൽ നിർമ്മാണം പൂർത്തീകരിച്ച ഈ ടോയ്‌ലറ്റുകൾ നാളിത് വരെയായിട്ടും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ 12.1.2023 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ബോധ്യപ്പെട്ടു. മിനി വ്യവസായ എസ്റ്റേറ്റിൽ ഈ പദ്ധതി പ്രകാരം ശുചി മുറികൾ നിർമ്മിച്ചതിനാൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പൊതു ജനങ്ങൾക്കും പ്രത്യേകിച്ച് യാത്രക്കാർക്കും വേണ്ടി ലക്ഷ്യമിട്ടുള്ള ഈ പദ്ധതി മിനി വ്യവസായ എസ്റ്റേറ്റിനകത്ത് സ്ഥാപിച്ചത് പദ്ധതിയുടെ ഉദ്ധേശ ലക്ഷ്യങ്ങൾക്ക് അനുഗുണമല്ല. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഉണ്ടാക്കിയ ശുചി മുറികൾ ഉപയോഗപ്രദമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി |
|---|
| മിനി വ്യവസായ കേന്ദ്രം ടോയ്‌ലെറ്റ്(156/22) |
| ചെക്ക് 590/23.3.2022 തുക 486679 (ശുചിത്വ മിഷൻ ഫണ്ട്)<br>തുക 152201 (ധന കാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാർ 88/11.2.2021 കരാറുകാരൻ ശ്രീ.അഹമ്മദ്.കെ |
| അളവ് പുസ്തകം 111/21-22 (1), 112/2021-22 |
| കോസ്റ്റ് ഇൻഡക്സ് 31.06% |

## 1-25 അധിക നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ്

നഗരസഭയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ നഗരസഭയിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| ALP സ്കൂൾ, കാർത്തല | 25/462 | 120$M^2$ | 319.525$M^2$ |
| TRK യു.പി സ്കൂൾ, വളാഞ്ചേരി | 18/386<br>18/387<br>18/388<br>18/389<br>18/390<br>18/391<br>18/392<br>18/393<br>18/394<br>18/395<br>18/396 | 647.89$M^2$<br>39$M^2$<br>39$M^2$<br>123$M^2$<br>50$M^2$<br>93$M^2$<br>284$M^2$<br>284$M^2$<br>284$M^2$<br>60$M^2$<br>94$M^2$<br>1997$M^2$ | 2290.43$M^2$ |
| AMLPസ്കൂൾ, തൊഴുവാനൂർ | 4/1 | 60$M^2$ | 466.47$M^2$ |
| വളാഞ്ചേരി ഹയർ സെക്കന്ററി സ്കൂൾ | 6/101<br>6/297<br>6/299<br>6/300<br>6/290<br>6/291<br>6/292<br>6/293<br>6/294<br>6/295<br>6/296<br>6/301<br>6/303<br>6/304<br>6/305<br>6/306<br>6/307<br>3/308 | 26$M^2$<br>283$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$<br>26$M^2$ | 4624.26$M^2$ |

| | | | |
|---|---|---|---|
| | | $725M^2$ | |
| ALPസ്കൂൾ വൈക്കത്തൂർ | 9/280 | $291M^2$ | $313.113M^2$ |

നഗരസഭയിലെ ഏതാനം സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്.

നഗരസഭയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 34/2021-22/12.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ - പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2021-22 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 176പദ്ധതികൾ തയ്യാറാക്കിയതിൽ 100 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 45 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 9 പദ്ധതി തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 176 | ആകെ അടങ്കൽ | 71963659 |
| നടപ്പിലാക്കിയത് | 100 | ചെലവ് | 22879176 |
| ശതമാനം | 56.82% | ചെലവ് ശതമാനം | 31.79% |

പദ്ധതികൾ യഥാസമയം പൂർത്തിയാക്കേണ്ടതാണ്. നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-27 റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-28 സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വിതരണം-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വിതരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻവൈറ്റ് ഇന്റീരിയേഴ്സ് വേങ്ങര എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 21/7.11.2019, 42/20.1.20 എന്നീ ഇൻവോയ്സുകൾ പ്രകാരം 528 സ്റ്റീൽ വാട്ടർ ബോട്ടിലുകൾ വാങ്ങി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഏതാനം അപാകതകൾ കാണുന്നു. വിശദ വിവരം ചുവടെ

| പ്രോജെക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| സ്കൂൾ വിദ്യാർത്ഥികൾക്ക് | 105494 | 174/14.1.22 | 1.)സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 |

| | | | |
|---|---|---|---|
| സ്റ്റീൽ വാട്ടർ ബോട്ടിൽ (S0096/22) | (വികസനഫണ്ട്) | | /ത.സ്വ.ഭ.വ തിയതി14.2.2018 ഖണ്ഡിക 8 പ്രകാരം സ്റ്റീൽ വാട്ടർ ബോട്ടിലുകൾ വാങ്ങുന്നതിന് അനുവാദമില്ല.<br>2)സ്റ്റീൽ വാട്ടർ ബോട്ടിലുകൾ വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടികൾ, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല. |
| ആകെ | 105494 | | |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/12.1.23ന് മറുപടി നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ സർക്കാർ അനുമതി തേടേണ്ടതായിരുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി സ്റ്റീൽ വാട്ടർ ബോട്ടിലുകൾ വാങ്ങിയതിനു സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതും വാട്ടർ ബോട്ടിലുകൾ വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടികൾ, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ് .അനുമതി ലഭ്യമല്ലാത്ത പക്ഷം ചെലവഴിച്ച തുക തിരിച്ചടക്കേണ്ടതാണ്.സർക്കാർ സാധൂകരണം ലഭ്യമാവുന്നത് വരെ ചെലവ് തുക 105494 രൂപ തടസ്സം ചെയ്യുന്നു.

## 1-29 കളക്ടേഴ്സ് @ സ്കൂൾ ബിൻ സ്ഥാപിക്കൽ അധിക തുക നൽകി

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ കളക്ടേഴ്സ് @ സ്കൂൾ ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ (പ്രൊജെക്ട് നം.101/22) നഗരസഭയിലെ 13 സ്കൂളുകളിലായി ഖരമാലിന്യ-ഉറവിട മാലിന്യ സംസ്കരണത്തിനായി 5300 രൂപ നിരക്കിൽ 44 ചെറിയ ബിന്നുകളും (0.45x0.45x0.80) 7400 രൂപ നിരക്കിൽ 8വലിയ ബിന്നുകളും (0.60x0.60x1.20) സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക്ക് യൂനിറ്റ് ഫൗണ്ടേഷൻ മലപ്പുറം എന്ന സ്ഥാപനത്തിന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ (നമ്പർ 2019-2020/0) തുക നൽകിയിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ പ്രാദേശിക ചെലവ് സൂചികകൾ എടുത്തായിരിക്കണം തയ്യാറാക്കേണ്ടത് എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 37.93 എന്ന Cost Index എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികതുക നൽകാനിടയായിട്ടുണ്ട് . നഗരസഭ എഞ്ചിനിയറാണ് ബിന്നിനിവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് എന്നാൽ ചീഫ് എഞ്ചിനിയർ അംഗീരിച്ച എസ്റ്റിമേറ്റ് നിരക്ക് വച്ചാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ

| | |
|---|---|
| ചെലവഴിച്ച തുക | 2,92,400 |
| ബിൽ നമ്പർ | 323/21.3.22 |
| ഫണ്ട്. | ധനകാര്യ കമ്മീഷൻ അവാർഡ് |
| കരാർ നമ്പർ | 24549/28.1.22 |

DATA For Collection Bin (Small) Size (0.45x0.45x0.80)

| ഇനം | അളവ് | അനുവദിച്ച തുക |
|---|---|---|
| DAR Code 10.16.1 (Steel Work) | 24.144 Kg @124.48/kg | 3005.45 |
| DAR Code 5.21 Mesh Net | 1.442 M2 @512.75/m2 | 739.39 |
| DAR Code 13.52.1 Epoxy Painting | 2.691 M2 @168.96/m2 | 454.67 |
| | | 4199.51 |
| | LS | 500 |
| | | 4699.51 |

| | | |
|---|---|---|
| | GST 12% | 5263.44 |
| | LS Rounding | 36.56 |
| | Rounded To | 5300 |

DATA For Collection Bin (Large) Size (0.60x0.60x1.20)

| ഇനം | അളവ് | അനുവദിച്ച തുക |
|---|---|---|
| DAR Code 10.16.1<br>(Steel Work) | 30.136 Kg<br>@124.48/kg | 3751.33 |
| DAR Code 5.21<br>Mesh Net | 2.724 M2<br>@512.75/m2 | 1396.73 |
| DAR Code 13.52.1<br>Epoxy Painting | 5.488 M2<br>@168.96/m2 | 927.25 |
| | | 6075.31 |
| | LS | 500 |
| | | 6575.31 |
| | GST 12% | 7364.35 |
| | LS Rounding | 35.65 |
| | Rounded To | 7400 |

| ഇനം | നൽകേണ്ടത്<br>(36.44 Cost Index മലപ്പുറം പ്രകാരം) | നൽകിയത്<br>(37.93) | അധികം |
|---|---|---|---|
| ചെറിയ ബിൻ (44എണ്ണം) | 5115<br>(4199.51/37.93 X36.44=4034.54+500(LS Provision)=4534.54 +12%GST=5078.68+36.56(LS Rounding) =5115.24 Rounded To 5115 | 5300 | 8140<br>(5300-5115=185 X44=8140) |
| വലിയ ബിൻ (8 എണ്ണം) | 7133<br>(6075.31/37.93 X36.44=5836.65 +500=6336.65 +12%GST=7097.05+35.65(LS Rounding) =7132.7=7133) Rounded To 7133 | 7400 | 2136<br>(7400-7133=267 X8=2136) |
| | | ആകെ | 10276 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/12.1.23 ന് മറുപടി നൽകിയിട്ടില്ല.തെറ്റായി ചെലവ് സൂചിക നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികം നൽകിയ തുക 10,276 സോഷ്യോ ഇക്കണോമിക്ക് യൂനിറ്റ് ഫൗണ്ടേഷനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 ഹരിത കർമ്മസേനയുടെ പ്രവർത്തനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷിവികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

നഗരസഭയിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 23.07.2018 ആണ് ആരംഭിച്ചത്. 33 വാർഡുകൾ ഉള്ള നഗരസഭയിൽ നിലവിൽ 22 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് 237/22 ഹരിതകർമ്മസേന-വി.ജി.എഫ് എന്ന പദ്ധതി പ്രകാരം 43950 ( വികസന ഫണ്ട് )രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല എന്നും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നുണ്ട് എന്നും കൺസോർഷ്യം പ്രസിഡണ്ട് അറിയിച്ചു.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് പെരിന്തൽമണ്ണ റോഡിലുള്ള കൃഷി ഭവനടുത്തുള്ള സ്വന്തം കെട്ടിടത്തിലാണ് . കൂടുതൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി വട്ടപ്പാറ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ എം.സി.എഫിനായി പുതിയ കെട്ടിടത്തിൽ സൗകര്യം ഒരുക്കുന്നുണ്ട് എന്നാണ് ഇത് സംബന്ധിച്ച് നഗരസഭയിൽനിന്നും ലഭിക്കുന്ന വിവരം.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 3.10.2018മുതൽ 229801000005778 നമ്പരിൽ ഇൻഡ്യൻ ഓവർസീസ് ബാങ്ക് വളാഞ്ചേരിയിൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2021 ന് 73411 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22വർഷത്തെ മിനട്സ് ബുക്ക് പരിശധിച്ചതിൽ എല്ലാ മാസങ്ങളിലും യോഗങ്ങൾ ചേർന്നതായി കാണുന്നില്ല. ഈ സാമ്പത്തീക വർഷം 5 യോഗങ്ങൾ ചേർന്നിട്ടുണ്ട് മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തിഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. ഇക്കാര്യം നഗരസഭ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

## 1-31 മാലിന്യമുക്ത വളാഞ്ചരി പദ്ധതി നടത്തിപ്പിലെ അപാകതകൾ

15ാം കേന്ദ്ര ധനകാര്യ കമ്മീഷൻഗ്രാന്റിൽ നിന്നും മലപ്പുറം നഗര സഞ്ചയത്തിനനുവദിച്ച 1 കോടി രൂപ, ഗുണഭോക്തൃ വിഹിതം 12,96,900 നഗരസഭ വികസനഫണ്ട് (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്)38600 ആകെ 1,13,35,500 രൂപ അടങ്കലായി നഗരസഭയിലെ അടുക്കള മാലിന്യം വീട്ടുവളപ്പിൽ സംസ്കരിക്കുന്നതിനായി മാലിന്യമുക്ത വളാഞ്ചേരി എന്ന പദ്ധതിക്കായി അക്രിഡിറ്റ് ഏജൻസിയായ ഐ.ആർ.ടി.സി പാലക്കാട് മുഖേന മലപ്പുറം നഗരസഭയമായി ചേർന്ന് സംയുക്ത പ്രോജക്ടായി

നഗരസഭയിലെ ഓരോ വാർഡിലും 1 M3 ബയോഗ്യാസ് പ്ലാന്റ് (33 എണ്ണം), 2970 റിംഗ് കംമ്പോസ്റ്റ് യൂണിറ്റ്, 1650 ബയോ കംമ്പോസ്റ്റ് ബിൻ എന്നിവ സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് 28.10.2020ന് 874/ഡി.എസ്.എം./2020 പ്രകാരം ജില്ലാ ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ഐ.ആർടിസിയുമായി 4.11.2020 ൽ ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ULB Share | ഗുണഭോക്താക്കളുടെ വിഹിതം | ആകെ | മറ്റ് നഗരസഭകളുടെ വിഹിതം | CFC Tied | ആകെ |
|---|---|---|---|---|---|---|---|
| M3 ബയോഗ്യാസ് പ്ലാന്റ് | 33 | 7200 | 6300 | 207900 | 237600 | | 445500 |
| റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് | 2970 | 2250 | 250 | 742500 | 664300 | 38600 | 7425000 |
| ബയോ കംമ്പോസ്റ്റ് ബിൻ | 1650 | 1890 | 210 | 34500 | 3118500 | | 3465000 |

| | |
|---|---|
| ഫയൽ നമ്പർ | H1-8207/2020 |
| പ്രോജക്റ്റ് | മാലിന്യമുക്ത വളാഞ്ചേരി(118/22) |
| അടങ്കൽ | 1,13,35,500 രൂപ |

ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ഐ.ആർടി.സിക്ക് തുക നൽകിയിട്ടുണ്ട്.

| ചെലവഴിച്ച തുക | ചെക്ക് നമ്പർ |
|---|---|
| 14,36,590 | 1973939/28.7.21 |
| 23,85,400 | 2718520/22.1.22 |
| 1,01,000 | 2718520/22.1.22 |
| 20,25,000 | 2718545/24.3,22 |
| 2,25,000 | 100781/29.3.22 |
| 38600 | 183/15.1.22 |
| ആകെ.62,11,590 | |

| ഇൻവോയ്സ് നമ്പർ | ഇനം |
|---|---|
| B2B085/25.9.21 | 1010 റിംഗ് കംമ്പോസ്റ്റ് |
| B2B093/13,9.21 | 900 റിംഗ് കംമ്പോസ്റ്റ് |
| B2B203/2.2.22 | 807 റിംഗ് കംമ്പോസ്റ്റ് |

| | |
|---|---|
| B2B259/28.2.22 | 17440 Coir Pitch |
| B2B245/24.2.22 | 500 ബയോ കംമ്പോസ്റ്റ് ബിൻ |
| B2B247/24.2.22 | 372 ബയോ കംമ്പോസ്റ്റ് ബിൻ |
| B2B305/19.3.21 | 17ബയോഗ്യാസ് പ്ലാന്റ് 1M3 |
| B2B350/21.3.3.22 | 16 ബയോഗ്യാസ് പ്ലാന്റ് 1M3 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തിയതി.24.7.2019 സ്റ്റാമ്പ് ഷെഡ്യൂൾ (5 F)പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1000രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത പദ്ധതിക്കായി 200 രൂപയുടെ കരാർപത്രികയാണ് തയ്യാറാക്കിയിട്ടുള്ളത്.(ഈ പദ്ധതിയുടെ അടങ്കൽ തുകയുടെ മൂല്യം=11,355).

2.സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തിയതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര,-ദ്രാവക മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്.എന്നാൽ അടങ്കൽ 1,13,35,500 രൂപയുള്ള ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത് ജില്ലാ ശുചിത്വ മിഷനാണ്.സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്

3.ഐ.ആർടി.സിയും നഗരസഭയും 4.11.2020 ന് ഒപ്പ് വെച്ച കരാർ നമ്പർ18803 വ്യവസ്ഥ നാല് പ്രകാരം മൊത്തം അടങ്കൽ തുക (22,67100)ഗഡുക്കളായി നഗരസഭ ഐ.ആർ.ടി.സിക്ക് നൽകേണ്ടതും തുടർന്ന അതു പൂർണ്ണമായും ഉപയോഗിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നമുറയ്ക്ക് ആണ് ബാക്കി ഗഡുക്കൾ നൽകേണ്ടത് എന്നാൽ നഗരസഭ കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ഇൻവോയ്സ് പ്രകാരമുള്ള തുക മുഴുവനായും അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

4. ഓഡിറ്റ് വർഷത്തിൽ ലഭ്യമായ 33 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം ,2717 റിംഗ് കംമ്പോസ്റ്റ് സ്ഥാപിച്ചതായുള്ള പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ സ്ഥാപനം നൽകിയിട്ടില്ല. കൂടാതെ 872 ബയോ കംമ്പോസ്റ്റ് ബിൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
5.റിംഗ് കംമ്പോസ്റ്റ് യൂണിറ്റ്, ബയോ കംമ്പോസ്റ്റ് ബിൻ എന്നിവ ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.
6.തൻവർഷത്തിൽ ചെലവഴിച്ച 62,11,590 രൂപയിൽ ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംമ്പോസ്റ്റ് യൂണിറ്റ്, ബയോ കംമ്പോസ്റ്റ് ബിൻ എന്നിവക്ക് എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമല്ല.
7.ഐ.ആർടി.സി എത്ര ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംമ്പോസ്റ്റ് യൂണിറ്റ്, ബയോ കംമ്പോസ്റ്റ് ബിൻ എന്നിവ നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ഥാപിച്ചതിന്റെ ലിസ്റ്റ് ഹാജരാക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്തിട്ടില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/12.1.23 ക്ക് നൽകിയ മറുപടിയിൽ മുഴവൻതുകയും റിംഗ് കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനാണ് ഉപയോഗിച്ചത് എന്നാണ് രേഖാമൂലം അറിയിച്ചത്. ആയതിനാൽ 33 ബയോഗ്യാസ് പ്ലാന്റ്,872 ബയോ കംമ്പോസ്റ്റ് ബിൻ എന്നിവ വിതരണം ചെയ്തതായി തെറ്റായ ഇൻവോയ്സ് ഐ.ആർടി.സി ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കേണ്ടതാണ് .ഐ.ആർടി.സി സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംമ്പോസ്റ്റ് യൂണിറ്റ്, ബയോ കംമ്പോസ്റ്റ് ബിൻ എന്നിവയുടെ ലിസ്റ്റ് ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് പ്രവർത്തനസജ്ജമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ /ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത്വരെ ചെലവ് തുക 6211590 രൂപ തടസ്സം ചെയ്യുന്നു.

## 1-32 റജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.-അപാകതകൾ

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ റജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പർച്ചേസിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദ വിവരം ലഭ്യമല്ല. പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രൊജെക്റ്റ് | ചെലവഴിച്ച | ബിൽ | അപാകതകൾ |
|---|---|---|---|

| | തുക | നമ്പർ | |
|---|---|---|---|
| റജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. (പ്രോജക്റ്റ് നമ്പർ.94/22) | 39986 (തനത് ഫണ്ട്) | 746/01 /27.01.22 | വാങ്ങി വിതരണം ചെയ്ത സ്പോർട്സ് കിറ്റിന്റെ ഇൻവോയ്സ്, ക്ലബ്ബുകൾ റജിസ്റ്റർ ചെയ്ത വിവരം, സ്റ്റോക്ക് വിവരങ്ങൾ , വിതരണ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| റജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം. (പ്രോജക്റ്റ് നമ്പർ.71/22) | 1,11,580 (തനത് ഫണ്ട്) | 949/03 /31.3.22 | വാങ്ങി വിതരണം ചെയ്ത സ്പോർട്സ് കിറ്റിന്റെ ഇൻവോയ്സ്, ക്ലബ്ബുകൾ റജിസ്റ്റർ ചെയ്ത വിവരം, സ്റ്റോക്ക് വിവരങ്ങൾ, വിതരണ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| ആകെ | 1,51,566 | | |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/12.1.22 ന് മറുപടി നൽകിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 1,51,566 തടസ്സം ചെയ്യുന്നു.

## 1-33 അഗതിരഹിതകേരളം പദ്ധതി

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിതകേരളം പദ്ധതി ആരംഭിച്ചത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി.12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019-20 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി വളാഞ്ചേരി നഗരസഭയിൽ ആരംഭിച്ചത്. 2021-22 വർഷത്തിൽ അവസാനിക്കുകയും ചെയ്തു. ആയതിന് താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ചലഞ്ച് ഫണ്ട് | 3110102 |
| പ്ലാൻ ഫണ്ട് | 11252600 |
| സ്പോൺസർഷിപ്പ് | 492000 |

2021-22 സാമ്പത്തിക വർഷത്തിൽ അഗതിരഹിത കേരളം പദ്ധതിക്ക് ചലഞ്ച്ഫണ്ട് ലഭ്യമായിട്ടില്ല.

അഗതിരഹിതകേരളം പദ്ധതിക്കായി വളാഞ്ചേരിയിൽ കേരളാ ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 40254101001963) മേൽ അക്കൗണ്ടിൽ 31-3-2022 ന് ആകെ 10160 രൂപ ബാലൻസ് ഉണ്ട്. 2019-20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 110 ഗുണഭോക്താക്കളാണ് അഗതിരഹിതകേരളം പദ്ധതിയിൽ നഗരസഭയിൽ നിലവിലുണ്ടായിരുന്നത്. 102 ഗുണഭോക്താക്കളാണ് നിലവിലുള്ളത് . 2021-22 വർഷത്തിൽ ഭക്ഷണകിറ്റ് നൽകുന്നതിനായി 200000 രൂപ ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ വീട് റിപ്പയറിനായി പ്രോജെക്റ്റ് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിൽ വികസന ഫണ്ടിൽ നിന്നും 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ വികസന ഫണ്ട് എസ് സി പി യിൽ നിന്നും 100000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 അഗതിരഹിതകേരളം പദ്ധതി അവസാനിച്ച സന്ദർഭത്തിൽ മാർഗരേഖയിൽ പരാമർശിച്ച എല്ലാ സേവനങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയില്ല.

2 അയൽക്കൂട്ടങ്ങൾ അഗതി മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3 ഭവന റിപ്പയർ രജിസ്റ്റർ പ്രോജെക്റ്റ് ഓഫീസർ എല്ലാ വിവരങ്ങളും ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അഗതിരഹിതകേരളം പദ്ധതി കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.
വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 സുഭിക്ഷ കേരളം-നെൽകൃഷിക്ക് കൂലി ചെലവ് പദ്ധതി -അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യാഗസ്ഥനായി 2021-22-ൽ നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം 1400000 രൂപ 160 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയ്യതി | തുക |
|---|---|---|
| 1 | 2115084700260074l671/3.12.2021 | 708260 |
| 2 | 2115084700260074l672/3.12.2021 | 691740 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (കൈ)22/18/തസ്വഭവ തി. 14.2.18 ഖ. 6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്ന ഗുണഭോക്താക്കൾക്ക് മറ്റ് ഏതെങ്കിലും സ്കീം പ്രകാരം ഈ ഇനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സർക്കാർ ഉത്തരവ്(കൈ) 22/18 തസ്വഭവ തി. 14.2.18 ഖ.6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷൂറൻസ് മുൻകൂറായി അടച്ച് രശീതി വാങ്ങി സൂക്ഷിക്കാൻ നിർദേശിച്ചിരുന്നു.
എന്നാൽ ഫയലിൽ കർഷകർ വിള ഇൻഷൂറൻസ് മുൻകൂറായി അടവാക്കിയ രശീതി സൂക്ഷിച്ചിട്ടില്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/12.1.23 മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 പി.എം. എ.വൈ ലൈഫ് ഭവന പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(എം.എസ്)22/2018/തസ്വഭവ തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖയിലൂടെ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പൂർത്തീകരിക്കുന്നതിനുള്ള പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷന്റെ നം.എൽ.എഫ് 2/511/2017 തീ.25.04.2018 പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടുണ്ട്. നഗരസഭയിൽ ഇതനുസരിച്ച് പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കരാർ ചമച്ച തിയതി | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|
| ശ്രീ.അബ്ദുൾ റഹ(ID4 ) | 9.4.18 | 275000 | Rs.1,55,000/136/8.5.19 |
| ശ്രീ.അബ്ദുൾഹക്കീം(ID5) | 9.5.18 | 275000 | Rs.1,55,000/136/8.5.19 |
| ശ്രീ.അബ്ദുൾ മജീദ് (ID3) | 7.5.18 | 2,20,000 | Rs.1,55,000/134/5.4.19 |
| ശ്രീ.അറമുഖൻ (ID14) | 11.7.18 | 275000 | Rs.1,55,000/136/8.5.19 |
| ശ്രീമതി അശ്വതി(ID19) | 28.1.20 | 120000 | 120000/151/28.1.20 |
| ശ്രീ.ബേബി (ID30) | 12.12.18 | 265000 | 1,65,000/TR.9610/26.9.19 |

| | | | |
|---|---|---|---|
| ശ്രീ. അയൂബ്(ID29) | 9.5.18 | 275000 | Rs.1,55,000/TR.111/8.5.19 |
| ശ്രീമതി. ബിൻഷി ID37) | 9.4.18 | 275000 | Rs.1,55,000/136/8.5.19 |
| ശ്രീമതി. ദിവ്യ(ID44) | 9.5.18 | 275000 | Rs.1,55,000/136/8.5.19 |
| ശ്രീമതി. ഫാത്തിമID47 | 9.5.18 | 275000 | Rs.1,55,000/140/8.5.19 |
| ശ്രീമതി.ഫൗസിID 54 | 9.4.18 | 275000 | Rs.1,55,000/138/8.5.19 |
| ശ്രീമതി. ഗീത ID55 | 25.5.18 | 275000 | Rs.1,55,000/136/8.5.19 |

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-36 മെഡിക്കൽ ഓഫീസർ (ആരോഗ്യം) - മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ നാളിത് വരെ ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | പ്രൊഫോർമ ഇൻവോയ്സ് നം. |
|---|---|---|---|
| SO018/22 PHCയിലേയ്ക്ക് മരുന്ന് വാങ്ങൽ | 21150847003200439909/21.9.21 | 3,00,000 (MG NR) | PRF1124/ 09.07.21 |
| SO032/22 പെയിൻ&പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ | 21150847003200439932/21.9.21 | 2,50,000 (Plan (G)) | PRF1491/ 03.08.21 |
| SO031/22 NCD രോഗികൾക്ക് മരുന്ന് വാങ്ങൽ | 21150847003200439918/21.9.21 | 1,00,000 (Plan (G)) | PRF1490/ 03.08.21 |
| | | | |
| ആകെ | | | |

മേൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ആവശ്യമായ സാക്ഷ്യപ്പെടുത്തൽ വരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (12/10.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-37 രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം -രണ്ട് തവണ വാഹന വാടക നൽകി.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ രോഗപ്രതിരോധ കുത്തിവെപ്പ് ശാക്തീകരണം -ആരോഗ്യ ജാഗ്രത (പ്രൊജക്ട് നമ്പർ. SO017/22) എന്ന പദ്ധതി പ്രകാരം വളാഞ്ചേരി നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ കുത്തിവെപ്പിന് പോയതിന് 16.8.21 തിയതിയിൽ 1000രൂപ ദിവസ വാടകയിനത്തിൽ ശ്രീ.M.അബൂബക്കർ (വാഹനം KL-55-7400) എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ദിവസം തന്നെ പരിരക്ഷ (പ്രൊജക്ട് നമ്പർ. SO012/22) ഹോം കെയർ വിസിറ്റ് ചെയ്യതിന് (ഇതേ വാഹനത്തിന് ) 1000 രൂപ നൽകിയിട്ടുണ്ട്. ഒരേ ദിവസത്തിൽ രണ്ട് പ്രോജക്ടുകളിലായി രണ്ട് തവണ വാടകയനുവദിച്ചത് അനുവദിക്കുന്നില്ല. വിശദ വിവരം ചുവടെ

| തിയതി | വൗച്ചർ നമ്പർ | നൽകിയ വാടക | വൗച്ചർ നമ്പർ | നൽകിയ വാടക | അധികം നൽകിയ വാടക |
|---|---|---|---|---|---|
| 16.8.21 | 22101124/21.2.22 | 1000 (പരിരക്ഷ) | 99/23.10.21 | 1000 (ആരോഗ്യ ജാഗ്രത) | 1000 |

അധികം നൽകിയ വാടക തിരിച്ച് ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണത്തിന് (14/10.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-38 പരിരക്ഷ ഹോം കെയർ വിസിറ്റ് രജിസ്റ്റർ -അപാകത

പരിരക്ഷ ഹോം കെയർ വിസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (PHC)

1. ഗൃഹസന്ദർശനത്തിനായി ആശുപത്രി വാഹനം, ആംബുലൻസ്, വാടകക്ക് എടുത്ത വാഹനം എന്നിവ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഹോം കെയർ വിസിറ്റ് ചെയ്തതായി രജിസ്റ്ററിൽ കാണിച്ച പല തിയതികളിലും ഉപയോഗിച്ച വാഹനം ഏതെന്ന് രേഖപ്പെടുത്തുന്നില്ല.

ഉദാ- രജിസ്റ്റർ പേജ് നം. 68,72,90,97,98,115,116,121,139,140

2. 5.6.21, 9.6.21, 21.1.22, 3.9.21, 14.10.21, 2.12.21 എന്നീ ദിവസങ്ങളിൽ വാടകക്ക് എടുത്ത വാഹനം ഉപയോഗിച്ച് പരിരക്ഷ ഹോം കെയർ വിസിറ്റിന് പോയതായി രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസങ്ങൾ വാഹനം ഓടിയതിന്റെ ചെലവിലും ഭക്ഷണ ചെലവിലും വന്നിട്ടില്ല.

3. രജിസ്റ്ററിൽ ഭക്ഷണത്തിന് വേണ്ടി ചെലവഴിച്ച തുക രേഖപ്പെടുത്തുന്നില്ല.

4. വാഹനം ഓടിയ ദൂരം രേഖപ്പെടുത്തുന്നില്ല

5. ഗൃഹസന്ദർശനത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ,ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതുമാണ്.

## 1-39 രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല- ചെലവ് തുക 27,03,497 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല-

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22100976/ 13-01-2022 | പ്രൊജക്ട് നം. S0326/22 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വളാഞ്ചേരിക്ക് നൽകിയത് | 22,658 പ്രോജക്ട് പ്രകാരമുള്ള മറ്റ് തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. | പൂർത്തീകരണ വിവരം |
| 2 | 22100426/ 27-08-2021 | സർവ്വീസ് കണക്ഷൻ ചാർജ് -അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വളാഞ്ചേരിക്ക് നൽകിയത് | 10,022 | പൂർത്തീകരണ വിവരം |
| 4 | 22100696/ 08-11-2021 | ഇലക്ട്രിക് പോസ്റ്റ് (കടുങ്ങാട്) മാറ്റലിന് | 28,700 | പൂർത്തീകരണ വിവരം |

| | | | | |
|---|---|---|---|---|
| | | അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വളാഞ്ചേരിക്ക് നൽകിയത് | | |
| 5 | 22100974/ 29-12-2021 22100977/ 28-01-2022 | ഇലക്ട്രിക് പോസ്റ്റ് (മൂച്ചിക്കൽ കരിങ്കല്ലത്താണി) മാറ്റലിന് അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വളാഞ്ചേരിക്ക് നൽകിയത് | 1,24,726 20,250 | പൂർത്തീകരണ വിവരം |
| 6 | 22100976/ 13-01-2022 | ഇലക്ട്രിക് പോസ്റ്റ് (MM ഹൈസ്കൂൾ നിരപ്പ് താഴത്തങ്ങാടി) മാറ്റലിന് അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വളാഞ്ചേരിക്ക് നൽകിയത് | 22,658 | പൂർത്തീകരണ വിവരം |
| 7 | 22100047/26-04-2021 | വാഹന വാടക തുക ശ്രീ. ജമാലുദ്ദീന് നൽകിയത്. | 44,200 | ട്രിപ്പ് ഷീറ്റ് |
| 8 | 22100055/28-04-2021 | ഇലക്ഷൻ 2021-സ്റ്റാറ്റിക് സർവൈലൻസ് ടിമിന് ഫുഡ് അലവൻസ് | 22,500 | തുക കൈപ്പറ്റ് രേഖകൾ |
| 9 | 22100463/ 08-09-2021 | ലൈബ്രറി സെസ് (20-21 I & II) അടവാക്കിയത് | 8,59,367 | രശീതി |
| 10 | 22100463/ 08-09-2021 | ലൈബ്രറി സെസ് (21-22 I-half) അടവാക്കിയത് | 2,28,714 | രശീതി |
| 11 | 22100591/22-10-2021 22100673/02-11-2021 22100785/03-12-2021 22100882/04-01-2021 22101015/02-02-2022 | ശ്രീ. വിജയകുമാർ, സീനി.ക്ലർക്കിൻെറ ഫെസ്റ്റിവൽ അഡ്വാൻസ് തിരുവനന്തപുരം നഗരസഭയിലേക്ക് അയച്ച് കൊടുത്തത് | 3000 3000 3000 3000 3000 | രശീതി |
| 12 | 22101285/31-03-2022 | പ്രൊജക്റ്റ് നം. S0325/22 – KWA പൈപ്പ് ലൈൻ നീട്ടൽ | 13,04,702 | KWA എടപ്പാളിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം |
| | | | 27,03,497 | |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 27,03,497 രൂപ തടസ്സം ചെയ്യുന്നു.

## 1-40 കുടിവെള്ള വിതരണം - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷം നഗരസഭയുടെ വിവിധ വാർഡുകളിൽ ജലക്ഷാമം നേരിടുന്നതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം. 22100131/27-05-2021 : 5,14,800

2. വൗച്ചർ നം. 22100133/17-05-2021 : 5,29,100

3. വൗച്ചർ നം. 22100470/09-09-2021 : 9,900

-------

ആകെ 1053800

കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. മുഹമ്മദലി കിഴക്കേതിൽ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (1100രൂപ/3000 ലിറ്റർ). ആയതിന്റെ നിർവ്വഹണ രേഖകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വിതരണം ചെയ്ത വെള്ളത്തിന്റെ ലബോറട്ടറി അനാലിസിസ് റിപ്പോർട്ട് പ്രകാരം Total Coliform Count 172/100ml ആണ്. Nil/100ml ആണ് കുടിക്കാവുന്ന വെള്ളത്തിൽ കോളിഫോമിന്റെ അളവ് എന്നിരിക്കെ ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം ചെയ്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2. ഹാജരാക്കിയ GPS ട്രിപ്പ് ഷീറ്റുകൾ നഗരസഭാ ഉദ്യോഗസ്ഥർ, വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കരാറുകാരനായ ശ്രീ. മുഹമ്മദലി കിഴക്കേതിലിൽ നിന്നും 1% IT ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ 15/12-01-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് അംഗീകരിക്കത്തക്ക മറുപടി ഹാജരാക്കുന്നതുവരെ/അപാകത പരിഹരിക്കുന്നതുവരെ ചെലവ് തുക 10,53,800 രൂപ തടസ്സം ചെയ്യുന്നു.

## 1-41 ഇലക്ഷൻ ഡെപ്പോസിറ്റ് - ഒറിജിനൽ രശീതി ഹാജരാക്കേണ്ടതാണ്

വൗച്ചർ നം. 22100390/12-08-2021 : 64,000

വൗച്ചർ നം. 22101060/16-02-2022 : 6,000

വിവിധ വ്യക്തികൾ ഇലക്ഷൻ ഡെപ്പോസിറ്റ് ആയി അടവാക്കിയ തുക മേൽ വൗച്ചറുകൾ പ്രകാരം തിരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക അടവാക്കിയതിന്റെ ഒറിജിനൽ രശീതി ഹാജരാക്കാതെയാണ് പ്രസ്തുത തുകകൾ തിരികെ നൽകിയിട്ടുള്ളത്. 28/12-01-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒറിജിനൽ രശീതി/ തുക അടവാക്കിയ വ്യക്തിയിൽ നിന്ന് സ്റ്റാമ്പ് പേപ്പറിലുള്ള എഗ്രിമെന്റ് ഹാജരാക്കുന്നത് വരെ ചെലവ് തുക 70,000 രൂപ തടസ്സം ചെയ്യുന്നു.

## 1-42 വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S001/2022

അടങ്കൽ - 14,22,299 (വികസന ഫണ്ട് )

ബിൽ നം. 21150847002100565050/27-10-2021 : 14,22,299

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 14,22,299 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ. മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 17/2018/തസ്വഭവ തി. 02-02-2018, ഖണ്ഡിക 7.6.3 പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് വിശദീകരിക്കാൻ സാധിച്ചിട്ടില്ലാത്ത, വ്യക്തതയില്ലാത്ത ഏതാനും ചെലവുകളുടെ വിവരങ്ങളടങ്ങിയ ഒരു വിനിയോഗ സാക്ഷ്യപത്രമാണ് 24/12-01-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയത്. 14,22,299 രൂപ കൈപ്പറ്റിയതിന്റെ രശീതി, മുനിസിപ്പാലിറ്റി പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 വസ്തുനികുതി- 5792413/-രൂപ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു

2021-22 ലെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി നികുതി ഇനത്തിൽ തൻ വർഷം 2132980/-രൂപയും മുൻ വർഷങ്ങളിൽ 3659433/-രൂപയും (ലൈബ്രറി സെസ്സ് ഉൾപ്പെടെ) കൂടി ആകെ 5792413/- രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതി ഇനത്തിൽ വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ടതും തുക പിരിച്ചെടുക്കുന്നതിന് നിയമ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-44 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അധിക തുക നൽകി

1. നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെ പേര്- മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

നം-53/2022

അടങ്കൽ-44233 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ്-44233

ബിൽ നം /തീയതി-തുക*:* BRN No.21150847002700592310/27.10.2021 -44233

മേൽ പദ്ധതി പ്രകാരം മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോൺ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് നം യഥാക്രമം TVM/ITBG/PI/RC/31178/20-21/21.10.2021,TVM/ITBG/PI/RC/31177/20-21/21.10.2021 പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിനായി 31280/- രൂപയും പ്രിന്റർ വാങ്ങുന്നതിനായി 12953/- രൂപയും കൂടി ആകെ 44233/- രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് നം യഥാക്രമം TNI2293174463/03.02.2022, MHI2293167527/26.01.2022പ്രകാരം കമ്പ്യൂട്ടറിന് 30077/- രൂപയും പ്രിന്ററിന് 12455/- രൂപയുമാണ് വിലയുള്ളത് (ആകെ-42532). ഇൻവോയ്സ് തുകയിൽ നിന്നും അധികമായി 1701/- രൂപ അനുവദിച്ചതിന് വിശദീകരണവും കമ്പ്യൂട്ടറും പ്രിന്ററും സ്റ്റോക്കിലെടുത്തത് പരിശോധിക്കാനായി സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കാനായും ഓഡിറ്റ് എൻക്വയറി (35/13.01.2023) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി തുക അനുവദിച്ചതിന് വിശദീകരണവും കമ്പ്യൂട്ടറും പ്രിന്ററും സ്റ്റോക്കിലെടുത്തത് പരിശോധിക്കാനായി സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കേണ്ടതാണ്.

## 1-45 മുട്ടക്കോഴി വളർത്തൽ- അപാകത

1.നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
പ്രൊജക്ടിന്റെ പേര്- മുട്ടക്കോഴി വളർത്തൽ (വനിത)

നം-38/2022

അടങ്കൽ-792000(വികസന ഫണ്ട്-ജനറൽ-396000,ഗുണഭോക്തൃ വിഹിതം-396000)

ചെലവ്-707700 (വികസന ഫണ്ട്-ജനറൽ-348600,ഗുണഭോക്തൃ വിഹിതം -359100)

ബിൽ നം /തീയതി-തുക*:* BRN No.21150847002700759760/08.12.2021 -348600/-

ചെക്ക് നം.101247/18.12.2021-348600/-

ചെക്ക് നം.100794/30.03.2022-10500/-

മേൽ പദ്ധതി പ്രകാരം മലബാർ പൗൾട്രി ഫാമിൽ നിന്നും 697200/- രൂപ വില വരുന്ന 5810 മുട്ടക്കോഴികളെ വാങ്ങുകയും(ബിൽ നം.414/27.11.2021) അവ 1162 വനിതകൾക്ക് 5മുട്ടക്കോഴികളെ വീതം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1.കോഴികളുടെ വിലയായ 697200/- രൂപയിൽ 348600/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 348600/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതും കൂടി 697200/- രൂപ മലബാർ പൗൾട്രി ഫാമിന് കൈമാറിയിട്ടുണ്ട്. ആയതിൽ 348600/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. 348600/- രൂപയുടെ കൂടി കൈപ്പറ്റ് രസീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. കോഴികളുടെ വിലയായ 697200/- രൂപ കൂടാതെ 10500/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് മലബാർ പൗൾട്രി ഫാമിന് കൈമാറിയിട്ടുണ്ട്. മലബാർ പൗൾട്രി ഫാമിന്റെ റിക്വസ്റ്റ് ഇല്ലാതെ സ്ഥാപനത്തിന് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.
മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.38/13.01.2023) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതി പരിശോധനക്ക് ഹാജരാക്കേണ്ടതും മലബാർ പൗൾട്രി ഫാമിന് തുക അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-46 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു

നഗരസഭയിലെ താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകൾക്കുള്ള വസ്തു നികുതി അവക്ക് നേരെ കാണിച്ചിട്ടുള്ള കാലയളവിൽ കുടിശ്ശികയാണ് എന്ന് കാണുന്നു.

| ക്രമ.നം | ഡോർ നമ്പർ | മൊബൈൽ കമ്പനി | കാലയളവ് | ആകെ കുടിശ്ശിക (LC ഉൾപ്പടെ) |
|---|---|---|---|---|
| 1 | 1/431/A | റിലയൻസ് ഇൻഫ്രാടെൽ, കടവന്ത്ര | 2013-14 മുതൽ 2021-22 വരെ | 132300/- |
| 2 | 16/406/A | റിലയൻസ് ഇൻഫോകോം, കടവന്ത്ര | 2013-14 മുതൽ 2021-22 വരെ | 141750/- |
| 3 | 16/1194/A | ബി.എസ്.എൻ.എൽ | 2020-21 മുതൽ 2021-22 വരെ | 141750/- |
| 4 | 18/55/A | വയർലസ് ടാറ്റ ഇൻഫോസിസ് ലിമിറ്റഡ് | 2013-14 മുതൽ 2021-22 വരെ | 141750/- |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം.5/09.01.2023) വസ്തു നികുതി ഈടാക്കുന്നതിന് ലഭ്യമായ വിലാസത്തിൽ ഡിമാന്റ് നോട്ടീസ് അയച്ചിരുന്നുവെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ വന്നിട്ടുള്ളതാണെന്നും റവന്യു റിക്കവറി നടപടികൾക്ക് അനുമതി ലഭ്യമാവുന്ന മുറക്ക് തുക ഈടാക്കി ഓഡിറ്റിന് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതും കുടിശ്ശികയുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികളിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഇക്കാര്യം സ്ഥല പരിശോധന റിപ്പോർട്ടിൽ ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | സിമന്റ് | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|---|

| നമ്പർ | | കോൺക്രീറ്റ് അളവ് | തുക | തുക | (12%GST അടക്കം) |
|---|---|---|---|---|---|
| 1 | ഓർങ്ങാത്ത്കണ്ട് കുഞ്ഞാണിപടി റോഡ് കോൺക്രീറ്റ് (173/22)<br>ചെക്ക് 25144/22.3.2022<br>തുക 238175 (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)<br>കരാർ 61/29.11.2021<br>അളവ് പുസ്തകം 47/21-22<br>കോൺട്രാക്ടർ ശ്രീ.ആബിദലി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 23.36$m^3$ | 177137<br>@7582.91/$m^3$ | 170324<br>@7291.26/$m^3$ | 7631<br>(6813+818) |
| 2 | കമ്മുട്ടിക്കുളം കോട്ടാണിപ്പുറം കുഞ്ഞാപ്പുഹാജി റോഡ് പുനരുദ്ധാരണം (208/22)<br>/22.1.2022 തുക 299201<br>കരാർ 43/12.11.2021<br>അളവ് പുസ്തകം 23/21-22<br>കോൺട്രാക്ടർ ശ്രീ.ഷഹരിയാദ്<br>കോസ്റ്റ് ഇൻഡക്സ് 31.06% | 19.67$m^3$ | 149156<br>@7582.91/$m^3$ | 143419<br>@7291.26/$m^3$ | 6425<br>(5737+688) |
| ആകെ | | | | | 14056 |

ഓഡിറ്റ് എൻക്വയറി 20/2021-22/12.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റ് ചെയ്യതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ അതേ അളവിലാണ് (നീളം, വീതി) ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കാവുംപുറം ബ്ലോക്ക് ഓഫീസ് റോഡ് നവീകരണം (185/22)<br>ബിൽ 21150847003101291563/15.3.2022 തുക 478474<br>സാങ്കേതികാനുമതി 50275/26.10.2021<br>കരാർ 80/6.12.2021<br>കോൺട്രാക്ടർ. ശ്രീ.ടി.എം.മൊയ്തീൻകുട്ടി<br>അളവ് പുസ്തകം 70/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 11.95$m^3$ | 83346<br>@6974.53 /$m^3$ | 80140<br>@6706.28/$m^3$ | 3591<br>(3206+385) |
| ആലിൻ ചുവട് അതിർത്തി റോഡ് ഡ്രൈനേജ് കൺസ്ട്രക്ഷൻ (209/22)<br>ബിൽ CO22249045316/25.2.2022<br>തുക 765079 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>സാങ്കേതികാനുമതി 56891/8.11.2021<br>തുക 881405.40<br>കരാർ 61/30.11.2021<br>തുക 748311.45(15.10% കുറവ്)<br>കോൺട്രാക്ടർ. ശ്രീ.അബ്ദുൽ മജീദ്<br>അളവ് പുസ്തകം 43/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 18.015$m^3$ | 119936<br>@6657.57 /$m^3$ | 115323<br>@6401.52/$m^3$ | 5167<br>(4613+554) |
| ആകെ | | | | 8758 |

ഓഡിറ്റ് എൻക്വയറി 6 /21-22/9.1.2023, 9/21-22/10.1.2023 എന്നിവ നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 നിലവിലുള്ള കരിങ്കൽ കെട്ട് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചോലക്കൽ റോഡ് പുനരുദ്ധാരണം (253/22) എന്ന പ്രവൃത്തിയുടെ ഭാഗമായി നിലവിലുള്ള കരിങ്കൽ കെട്ട് (സംരക്ഷണ ഭിത്തി) പൊളിച്ച് നീക്കി പുതിയവ നിർമ്മിച്ചിട്ടുണ്ട്. ഈ ഇനത്തിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. കരിങ്കൽ കെട്ട് പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് - കോഡ് 2.7.D-നിലവിലുള്ളതുമാണ്. ഈ പ്രവൃത്തികളുടെ മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയ 7400 രൂപ ഈടാക്കുകയോ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക (Mord 2.7D) | അധികം 12% GST അടക്കം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ചോലക്കൽ റോഡ് പുനരുദ്ധാരണം (253/22)<br>സാങ്കേതികാനുമതി 66445/22.12.2021<br>ബിൽ 21150847003101526088/30.3.2022<br>തുക 299732 കരാർ 93/18.1.2022<br>കോൺട്രാക്ടർ ശ്രീ ഷഹരിയാദ്.ടി<br>അളവ് പുസ്തകം 98/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 28.20$m^3$ | 18185<br>@644.85/$m^3$ | 11578<br>@410.56/$m^3$ | 7400<br>(6607+793) |

ഓഡിറ്റ് എൻക്വയറി 7/2021-22/9.1.2023നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം. S0326/22 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 22100976/13-01-2022-22,658/-<br>214/03.02.2022-124726/-<br>215/03.02.2022-17701/-<br>217/03.02.2022-20250/-<br>302/10.03.2022-6006/- | 191341 | 168683 | 22,658 /- രൂപയുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 22,658 /- |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. S0325/22 – KWA പൈപ്പ് ലൈൻ നീട്ടൽ | 22101285/31-03-2022 | 13,04,702 | - | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 13,04,702 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ /പലിശ ) | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ഭവനപദ്ധതി | ലഭ്യമല്ല | 44000000 | 38133333 | 2933333 | 35200000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 62500 |
| തൻവർഷം നിക്ഷേപിച്ച തുക | 15000 |
| ആകെ | 77500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 77500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Share Certificate In Malappuram Co.op Spinning Mills. No:94 , Dated : 27.07.1977 | 2500 |
| Share Certificate In Malappuram District Co. Op Hospital No: 023 , Dated : 30.09.1993 | 5000 |
| Share Certificate In Malabar Co. Op. Textiles No. 469 , Dated : 14.08.1997 | 50000 |
| Share Certificate In Malappuram District Panchayat Employees Co. Op. Society Ltd No: 351 , Dated : 31.03.2001 | 5000 |
| Share Certificate In Malappuram District Co-Operative Hospital No.17, Dated 17-12-2021 | 15000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38765/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 22677 | MD- Fidco Enterprises | 12040100704/22.04.2021 |
| 2018-19 | 3-1 | 16088 | ഗ്രേഷ്യസ് എം ജോൺ, അസി. എഞ്ചിനീയർ | 121110102515/09.02.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-1<br>2-2 | 2016-17 | | അനുബന്ധം-3 വസ്തു നികുതി<br>അനുബന്ധം-4 തൊഴിൽ നികുതി | നടപടി തുടരുന്നു. |
| 2016-17 | 2-6 | 2017-18 | | മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168208103 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139491362 |
| വരവിനങ്ങളിലുള്ള നഷ്ടം | ..... |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30214 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11216664 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | - | 14056 | ശ്രീമതി . ലക്ഷമി ഒ, മുനിസിപ്പൽ എഞ്ചിനീയർ- 7028<br>ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -7028 |
| 3-2 | - | 8758 | ശ്രീമതി . ലക്ഷമി ഒ, മുനിസിപ്പൽ എഞ്ചിനീയർ- 4379<br>ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -4379 |
| 3-3 | - | 7400 | ശ്രീമതി . ലക്ഷമി ഒ, മുനിസിപ്പൽ എഞ്ചിനീയർ- 3700<br>ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -3700 |
| | ആകെ | 30214 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 920717 | ശ്രീ ബിജു ഫ്രാൻസിസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-28 | 105494 | ശ്രീ.മുരളീധരൻ യു,ഹെഡ്മാസ്റ്റർ |
| 1-31 | 62,11,590 | ശ്രീ. മുഹമ്മദ് അഷ്റഫ് ടി പി, പ്രൊജക്ട് ഓഫീസർ |
| 1-32 | 1,51,566 | ശ്രീ.മുരളീധരൻ യു,ഹെഡ്മാസ്റ്റർ |
| 1-39 | 27,03,497 | ശ്രീ ബിജു ഫ്രാൻസിസ്, സെക്രട്ടറി ഇൻ ചാർജ്ജ്-233992 |
| | | ശ്രീമതി സീന എച്ച്, സെക്രട്ടറി-1164803 |
| 1-40 | 10,53,800 | ശ്രീമതി സീന എച്ച്, സെക്രട്ടറി |
| 1-41 | 70000 | ശ്രീമതി സീന എച്ച്, സെക്രട്ടറി-64000 |
| | | ശ്രീ ബിജു ഫ്രാൻസിസ്, സെക്രട്ടറി ഇൻ ചാർജ്ജ്-6000 |
| ആകെ | 11216664 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി . ലക്ഷമി ഒ, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് | ആർദ്രം ഹൗസ്, മാറാക്കര പി ഒ കാടാമ്പുഴ |
| ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | അശ്വതി, ടി.സി 6/1544(6), അയിത്താടി റോഡ്, പ്രശാന്ത് നഗർ, ഉള്ളൂർ, തിരുവനന്തപുരം -695011 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |

| | | |
|---|---|---|
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2088/10/ | 9 |
| 2008-09 | LFM13/2089/10 | 13 |
| 2007-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 2009-10, 2010-11 | LFM13/785/13/25-5-13 /12-6-13 | 26 |
| 2011-12, 2012-13 | LFM13/ 856/ 15 21-5-15 | 15 |
| 2013-14, 2014-15 | LFM13/ 1514/2015 Dated 01-08-2015 | 22 |
| 2015-16 | KSAMPM25/241/2017 Dated 7-02-2017 | 16 |
| 2016-17 | KSAMPM25/2456/2017 30 -11 -2017 | 13 |
| 2017-18 | KSAMPM 25/2869/2018 Dated 19.01.2019 | 22 |
| 2018-19 | KSAMPM25/2265/2019 17-10-2019 | 13 |
| 2019-20 | KSAMPM25/1721/2022 02.08.2022 | 18 |
| 2020-21 | KSAMPM25/1722/2022 03-08-2022 | 25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്